പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ . 151

11/09/2007 - ൽ മറുപടിക്ക്

## റേഷൻ കടകളിൽ ഇലക്ട്രോണിക് ത്രാസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി :<br>ശ്രീ. സി.കെ. സദാശിവൻ :<br>ശ്രീ. എസ്. രാജേന്ദ്രൻ :<br>ശ്രീ. കെ.സി. രാജഗോപാലൻ :<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങൾ ശരിയായ അളവിലും തൂക്കത്തിലും ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (ബി) റേഷൻ കടകളിലെ അളവു തൂക്ക കുറവു സംബന്ധിച്ച പരാതികൾ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസർ/റേഷനിംഗ് ഇൻസ്പെക്ടർ എന്നിവർ പരിശോധിച്ച് നടപടി എടുക്കാറുണ്ട്. കൂടാതെ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും താലൂക്ക് തലത്തിലും വിവിധ സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സ്ക്വാഡിന്റെ പരിശോധനാ സമയത്ത് ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ റേഷൻ വ്യാപാരികൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ ജില്ലാ/താലൂക്ക്/പഞ്ചായത്ത് തല ഭക്ഷ്യോപദേശക സമിതി കൂടുമ്പോൾ ശ്രദ്ധയിൽപ്പെടുന്ന കേസുകളിലും ആവശ്യമായ പരിശോധനകൾ നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്. |

| | | |
|---|---|---|
| | | അളവു തൂക്കങ്ങളിലെ കൃത്യത ഉറപ്പു വരുത്തുന്നതിന് റേഷൻ കടകൾ പരിശോധിച്ച് കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ ലീഗൽ മെട്രോളജി വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | റേഷൻ കടകളിൽ ഇലക്ട്രോ (സി) ണിക് ത്രാസ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | റേഷൻ കടകളിൽ ഇലക്ട്രോണിക് ത്രാസ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ-152 — 11.09.2007-ൽ മറുപടിയ്ക്ക്

### ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ലെയ്സൺ ഓഫീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.അബ്ദുറബ്ബ്<br>,, സി.റ്റി.അഹമ്മദ് അലി<br>,, യു.സി.രാമൻ | ശ്രീ.വി.എസ്.അച്ചുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് തലസ്ഥാനങ്ങളിൽ പരസ്പരം ലെയ്സൺ ഓഫീസ് തുടങ്ങുവാനുള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; | (എ) ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ പരസ്പരം ലെയ്സൺ ഓഫീസ് തുടങ്ങുവാനുള്ള നിർദ്ദേശം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പരിഗണിച്ചിരുന്നു. എന്നാൽ ഇതിനുവേണ്ടി വരുന്ന വർദ്ധിച്ച സാമ്പത്തിക ബാദ്ധ്യതയും മറ്റു ഘടകങ്ങളും കണക്കിലെടുത്ത് തല്ക്കാലം ഈ നിർദ്ദേശവുമായി മുന്നോട്ട് പോകേണ്ടതില്ല എന്ന് ഈ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) മദ്രാസ്, പോണ്ടിച്ചേരി, ബാംഗ്ലൂർ, ഗോവ, മുംബൈ, ഹൈദ്രാബാദ് എന്നിവിടങ്ങളിൽ കേരളത്തിന്റെ ലെയ്സൺ ഓഫീസ് ആരംഭിക്കുവാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നോ ; | (ബി) തീരുമാനിച്ചിരുന്നില്ല. എന്നാൽ മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കേരളത്തിന്റെ ലെയ്സൺ-കം-ഗസ്റ്റ് ഹൗസ് സ്ഥാപിക്കുവാൻ സ്ഥലം അനുവദിക്കും എന്നുള്ള ധാരണയുടെ അടിസ്ഥാനത്തിൽ മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് കേരളത്തിൽ തിരുവനന്തപുരത്തോ എറണാകുളത്തോ സ്ഥലം ലഭ്യമാക്കുവാൻ മുൻ സർക്കാർ തീരുമാനമെടുത്തിരുന്നു. |
| (സി) ഇത് പ്രസ്തുത സംസ്ഥാനങ്ങളിലുള്ള മലയാളികൾക്ക് ഏറെ പ്രയോജനപ്രദമാണെന്ന കാര്യം ഗൗരവമായി പരിഗണിച്ചു സത്വര നടപടി സ്വീകരിക്കുമോ; | (സി) ഇപ്പോൾ പരിഗണനയിലില്ല. |

(ഡി) തമിഴ്നാട് ഗവൺമെന്റിന്റെ ലെയ്സൺ ഓഫീസ് തുറക്കുന്നതിനും ഗസ്റ്റ് ഹൗസിനുമായി തിരുവനന്തപുരത്ത് സ്ഥലം കണ്ടെത്തുകയുണ്ടായോ; വിശദാംശം വെളിവാക്കുമോ?

(ഡി) മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ അവരുടെ ലെയ്സൺ - കം - ഗസ്റ്റ് ഹൗസ് നിർമ്മിക്കുവാൻ സ്ഥലം അനുവദിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ കടകംപള്ളി വില്ലേജിൽ സർവ്വേ നം.1780, 1781, 1782 കളിൽപ്പെട്ട 13 ഏക്കർ 29 സെന്റ് സ്ഥലം ചാക്കയ്ക്കും ടോൾ ജംങ്ഷനുമിടയ്ക്ക് കഴക്കൂട്ടം നാഷണൽ ഹൈവേ ബൈപാസിനു സമീപം അക്വയർ ചെയ്തെടുക്കാവുന്നതാണെന്ന് ജില്ലാ കളക്ടർ അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ ഇതിനുവേണ്ടിവരുന്ന വർദ്ധിച്ച സാമ്പത്തിക ബാദ്ധ്യതയും മറ്റു ഘടകങ്ങളും കണക്കിലെടുത്ത് ഈ നിർദ്ദേശവുമായി തല്ക്കാലം മുന്നോട്ട് പോകേണ്ടതില്ല എന്ന് തീരുമാനമെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:153 — 11-09-2007 - ൽ മറുപടിയ്ക്ക്

**പരിസരമലിനീകരണം മൂലം അടച്ചിടേണ്ടിവരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പരിസരമലിനീകരണത്തിന്റെ പേരിൽ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം അടച്ചിടേണ്ടി വന്നിട്ടുണ്ടോ; | (എ) ഉണ്ട്. കുഴിക്കണ്ടം തോടിൽ കൂടി നിറമുള്ള ജലം ഒഴുകുന്നുവെന്ന പരാതിയിന്മേലുള്ള അന്വേഷണത്തെ തുടർന്ന് എറണാകുളം ജില്ലയിലെ എച്ച്.ഐ.എൽ കമ്പനി 72 മണിക്കൂറിനുള്ളിൽ അടച്ചു പൂട്ടാനുള്ള ഉത്തരവ് 2..1..07 ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകി. കമ്പനിയുടെ ഉറപ്പിന്മേലും ഫാക്ടറി ജീവനക്കാരുടെ അപേക്ഷ മാനിച്ചും 8.1.07 ൽ നിബന്ധനാവിധേയമായി ഉത്തരവ് പിൻവലിക്കുകയുണ്ടായി.<br><br>26.5.07 ൽ ഫാക്ട് ഉദ്യോഗമണ്ഡൽ ഡിവിഷനിലെ സൽഫ്യൂറിക് ആസിഡ് പ്ലാന്റിൽ നിന്നും സൽഫർ ഡൈ ഓക്സൈഡ് അടങ്ങിയ പാഴ്വായു ഗണ്യമായ അളവിൽ പുറത്തേക്ക് പ്രവഹിച്ചതിനാൽ ഡിവിഷന്റെ എല്ലാ പ്രവർത്തനങ്ങളും നിറുത്തിവയ്ക്കാൻ അന്നു തന്നെ മലിനീകരണ നിയന്ത്രണ ബോർഡ് ഉത്തരവിട്ടു. ഉന്നതതല മീറ്റിംഗുകളുടെ അടിസ്ഥാനത്തിൽ മുൻകരുതലോടെ 29.5.07 ൽ കമ്പനി പ്രവർത്തനം പുനഃരാരംഭിച്ചു. |

| | |
|---|---|
| (ബി) ഇതിന്റെ പേരിൽ ഏതെല്ലാം സ്ഥാപനങ്ങൾ അടച്ചു പൂട്ടൽ ഭീഷണി നേരിടുന്നുണ്ട്; | (ബി) തിരുവനന്തപുരം കൊച്ചുവേളിയിൽ സ്ഥിതി ചെയ്യുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് (റ്റി.റ്റി.പി) കമ്പനിയിൽ നിന്നുണ്ടാകുന്ന പാഴ്ജലം യാതൊരു ശുദ്ധീകരണവും കൂടാതെ കടലിലേയ്ക്ക് ഒഴുക്കി വിടുന്നു. അത് രൂക്ഷമായ മലിനീകരണത്തിനിടയാക്കുന്നു. മലിനീകരണ നിയന്ത്രണ സംവിധാനം ഏർപ്പെടുത്താൻ മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനിയോട് ആവശ്യപ്പെട്ടു. മലിനീകരണ ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കാൻ ബഹു.കേരള ഹൈക്കോടതി 16 ഏപ്രിൽ 2006 വരെ സമയം അനുവദിച്ചിരുന്നു. ബഹു.സുപ്രീം കോടതി റിട്ട് ഹർജി 657/95 ൽ നിയോഗിച്ച സുപ്രീം കോടതി മോണിട്ടറിംഗ് കമ്മിറ്റി ഈ സമയത്തിനുള്ളിൽ കമ്പനി തൃപ്തികരമായ പുരോഗതി കൈവരിക്കാത്തതു കാരണം കമ്പനിക്ക് അടച്ചു പൂട്ടൽ ഉത്തരവ് നൽകാൻ നിർദ്ദേശിച്ചിരുന്നു. ഇതിനെതിരെ കമ്പനി സുപ്രീം കോടതിയെയും സുപ്രീം കോടതി നിർദ്ദേശപ്രകാരം ഹൈക്കോടതിയെയും സമീപിക്കുകയുണ്ടായി. ഹൈക്കോടതി 10.4.07 ലെ ഉത്തരവ് പ്രകാരം 20 മാസം കൂടെ സമയം നീട്ടികൊടുത്തിട്ടുണ്ട്. |
| (സി) പ്രശ്നങ്ങൾ പരിഹരിച്ച് പ്രസ്തുത സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ? | (സി) റ്റി.റ്റി.പിയുടെ ഉത്പാദനശേഷി വർദ്ധിപ്പിക്കാനും അതോടൊപ്പം മലിനീകരണ നിയന്ത്രണവും നടപ്പാക്കാവുന്ന 256 കോടി രൂപയുടെ ഒരു പദ്ധതി കമ്പനി നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി ആസിഡ് റിക്കവറി പ്ലാന്റ്, ന്യൂട്രലൈസേഷൻ പ്ലാന്റ്, കോപ്പറാസ് റിക്കവറി പ്ലാന്റ് എന്നിവയുടെ പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന്റെ പുരോഗതി സർക്കാർ തലത്തിൽ ഉന്നതാധികാര കമ്മിറ്റി വിലയിരുത്തുന്നുണ്ട്. മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഹൈക്കോടതി 10.4.07 ലെ ഉത്തരവ് പ്രകാരം 20 മാസത്തേക്ക് കൂടി നീട്ടി സമയം കൊടുത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 154 — 11.09.2007 ൽ മറുപടിക്ക്

## ജില്ലാതല നിക്ഷേപക സംഗമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. കെ.കെ. ജയചന്ദ്രൻ :<br>ശ്രീ. കെ. കുഞ്ഞിരാമൻ :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ. ജോർജ് എം. തോമസ് : | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) വ്യവസായ രംഗത്ത് സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുന്ന--തിനായി ജില്ലാതലത്തിൽ നിക്ഷേപക സംഗമം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇതിനകം ഏതെല്ലാം ജില്ലകളിൽ നിക്ഷേപക സംഗമം നടത്തി ; | (ബി) കണ്ണൂർ, കാസർഗോഡ്, തൃശ്ശൂർ, കോട്ടയം, മലപ്പുറം എന്നീ അഞ്ചു ജില്ലകളിൽ ഇതുവരെ നിക്ഷേപക സംഗമം നടത്തി. |
| (സി) ഓരോ ജില്ലയിൽ നിന്നും എന്തു തുകയ്ക്കുള്ള നിക്ഷേപ വാഗ്ദാനങ്ങൾ ഉണ്ടായി എന്ന് വെളിപ്പെടുത്തുമോ ; | (സി) കെ.എസ്.ഐ.ഡി.സി.യുമായി നിക്ഷേപക വാഗ്ദാനം നടത്തിയിട്ടുള്ള തുകയുടെ വിവരങ്ങൾ താഴെപ്പറയുന്നു.<br>കണ്ണൂർ - 1245 കോടി രൂപ.<br>കാസർഗോഡ്-407 കോടി രൂപ<br>കോട്ടയം - 576 കോടി രൂപ<br>തൃശ്ശൂർ - 139.50 കോടി രൂപ<br>മലപ്പുറം - 21 കോടി രൂപ<br>കിൻഫ്രയുമായ് നിക്ഷേപക വാഗ്ദാനം നടത്തിയിട്ടുള്ള തുകയുടെ വിവരങ്ങൾ താഴെപ്പറയുന്നു.<br>കാസർഗോഡ് - 55.50 കോടി രൂപ<br>കോട്ടയം - 750.00 കോടി രൂപ<br>തൃശ്ശൂർ - 27.83 കോടി രൂപ<br>മലപ്പുറം - 6.00 കോടി രൂപ |
| (ഡി) എല്ലാ ജില്ലകളിലും നിക്ഷേപക സംഗമങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 155 — 11.09.2007 ൽ മറുപടിക്ക്

## വ്യവസായ രംഗത്തെ കേന്ദ്ര നിക്ഷേപം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എൻ. വാസവൻ :<br>ശ്രീ. പി. വിശ്വൻ :<br>ശ്രീ. രാജു എബ്രഹാം :<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ : | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) വ്യവസായ രംഗത്തെ കേന്ദ്ര നിക്ഷേപം വളരെ പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ബി) ഉണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തിന്റെ പൊതുമേഖല--യിലുള്ള കേന്ദ്ര നിക്ഷേപം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനായി വളരെയധികം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>1. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ ടെൽക്കിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.ടി.പി.സി. മുതൽ-മുടക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.<br>2. ആലപ്പുഴയിലുള്ള ആട്ടോകാസ്റ്റിലും, സിൽക്ക് ഫാബ്രിക്കേഷൻ യൂണിറ്റിലും റെയിൽവേ ബോഗി നിർമ്മാണത്തിനാ--വശ്യമായ നിക്ഷേപങ്ങൾ നടത്തുന്നതാ--ണെന്ന് കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു കഴിഞ്ഞു.<br>3. തിരുവനന്തപുരത്തുള്ള ഹൈടെക്ക് ഇൻഡസ്ട്രീസിൽ പ്രതിരോധ വകുപ്പിന്റെ നിക്ഷേപത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.<br>4. ചവറയിലുള്ള കെ.എം.എം.എൽ-ൽ ഐ.എസ്.ആർ.ഒ. ഉദ്ദേശം 100 കോടി രൂപാ മുതൽ മുടക്കി ടൈറ്റാനിയം മെറ്റൽ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

(തുടർച്ച....2)

5. കെൽട്രോൺ, എസ്.ഐ.എഫ്.എൽ, സ്റ്റീൽ കോംപ്ലക്സ് എന്നീ സ്ഥാപനങ്ങളിൽ പ്രതിരോധ വകുപ്പിന്റെയും, ഐ.എസ്.ആർ.ഒ- യുടെയും കൂടുതൽ കേന്ദ്ര നിക്ഷേപം പ്രതീക്ഷിക്കുന്നു.
6. കിൻഫ്ര കേന്ദ്ര വാണിജ്യ വകുപ്പുമായി ചേർന്ന് ഒരു സ്പൈസസ് പാർക്ക് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.
7. കേന്ദ്ര ഭക്ഷ്യ വകുപ്പിന്റെ സഹായത്തോടെ ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്ന--തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ കിൻഫ്ര ആരംഭിച്ചു കഴിഞ്ഞു.

മറ്റ് മേഖലകളിലും കേന്ദ്ര നിക്ഷേപത്തിനുള്ള ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

| | |
|---|---|
| (സി) ഈ വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ നിന്നും എന്തു തുകയുടെ വ്യവസായ നിക്ഷേപം കേരളത്തിനു ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് ; ഇതു സംബന്ധിച്ച എന്തെങ്കിലും പദ്ധതികൾ സംസ്ഥാന സർക്കാർ മുന്നോട്ടു വച്ചിട്ടുണ്ടോ ? | (സി) ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ പ്ലാനിംഗ് കമ്മീഷന്റെ പരിഗണനയിൽ ആയതിനാൽ പദ്ധതികളെപ്പറ്റിയുള്ള പൂർണ്ണ രൂപം ലഭിയ്ക്കുന്ന മുറയ്ക്ക് കൂടുതൽ കേന്ദ്ര വിഹിതം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 156

11.09.2007 ൽ മറുപടിക്ക്

## കെ.എസ്.ഐ.ഡി.സി. യുടെ പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ ദിവാകരൻ :<br>ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ :<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. കെ.ടി. ജലീൽ : | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ഐ.ഡി.സി. പുതുതായി ഏറ്റെടുക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് ; | (എ) ഇലക്ട്രോണിക് രംഗത്തും അനുബന്ധ മേഖല--യിലുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കാ--ൻ ഒരു ഹാർഡ്‌വെയർ ഇലക്ട്രോണിക് പാർക്ക് സ്ഥാപിക്കുവാൻ കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ നടപടികൾ എടുത്തുകൊണ്ടിരി--ക്കുകയാണ്.<br><br>വ്യാപാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ഫ്രീ ട്രേഡ് ആന്റ് വെയർ ഹൗസിംഗ് സോൺ കൊച്ചിയിൽ സ്ഥാപിക്കുന്നതിന് കെ.എസ്.ഐ. ഡി.സി. മുൻകൈ എടുക്കും. ബയോടെക്നോ--ളജി, നാനോ ടെക്നോളജി എന്നീ മേഖലക--ളിലെ ഉൽപാദനം, ഗവേഷണം എന്നിവയ്ക്കാ--വശ്യമായ സൗകര്യങ്ങൾ നൽകുന്നതിനും, നേരിട്ടുള്ള വിദേശ നിക്ഷേപം ആകർഷിക്കുന്ന--തിനും കെ.എസ്.ഐ. ഡി.സി ലോക നിലവാര--മുള്ള ലൈഫ് സയൻസ് പാർക്ക് നിർമ്മിക്കും.<br><br>സംസ്ഥാനത്ത് പൊതു-സ്വകാര്യ സംരംഭത്തിൽ ആധുനിക അറവുശാലകൾ കേന്ദ്ര സർക്കാരി--ന്റെ പ്രത്യേക സാമ്പത്തിക സഹായത്തോടു-കൂടി സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസി -യായി കെ.എസ്.ഐ.ഡി.സി.യെ നിയോഗി--ച്ചിട്ടുണ്ട്. |
| (ബി) പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനായി എവിടെയെല്ലാം സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു ; | (ബി) പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനായി ഫ്രീ ട്രേഡ് ആന്റ് വെയർ ഹൗസിംഗ് സോൺ കൊച്ചിയിലും, ലൈഫ് സയൻസ് പാർക്ക് തിരുവനന്തപുരത്തും സ്ഥലങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. |

(തുടർച്ച....2)

(സി) കഴിഞ്ഞ വർഷം വ്യവസായ സംരംഭകർക്ക് കമ്പനി എന്തു തുക വായ്പ നൽകി ;

(സി) 2006-07 സാമ്പത്തിക വർഷത്തിൽ 94.26 കോടി രൂപ വായ്പയായും 8.26 കോടി രൂപ ഓഹരിയായും വ്യവസായ സംരംഭകർക്ക് നൽകിയിട്ടുണ്ട്.

(ഡി) കൊച്ചി വ്യവസായ മേഖലയിൽ മാലിന്യ സംസ്ക്കരണത്തിനുള്ള പൊതുകേന്ദ്രം സ്ഥാപിക്കുന്നതിന് കെ.എസ്.ഐ.ഡി.സി. ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ട്.

(ഇ) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ?

(ഇ) കേരളത്തിലെ എല്ലാ വ്യവസായങ്ങളുടെ ഖര രൂപത്തിലുള്ള മാലിന്യങ്ങൾ നിർവീര്യമാക്കി സംസ്കരിക്കുന്നതിനാണ് കോമൺ ടി.എസ്.ഡി.എഫ്. സ്ഥാപിക്കുന്നത്. ബിൽഡ്, ഓൺ, ഓപ്പറേറ്റ് (BOO) വ്യവസ്ഥയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധിയുടെ ഡെവലപ്പർ ആയി യുണൈറ്റഡ് ഫോസ്ഫറസ് ലിമിറ്റഡ് എന്ന ഗുജറാത്ത് കമ്പനിയെ തിരഞ്ഞെടു--ത്തിട്ടുണ്ട്. അമ്പലമുകളിൽ 50 ഏക്കർ സ്ഥലത്ത് പദ്ധതിയുടെ നിർമ്മാണ പ്രവർത്ത--നങ്ങൾ നടക്കുന്നുണ്ട്.

Valsd.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 157          11-9-2007 ൽ മറുപടിക്ക്

### പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. കെ.കെ. ഷാജു<br>ശ്രീ കെ.ബി.ഗണേഷ് കുമാർ | ശ്രീ. വി.എസ് അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ). പ്രവാസി മലയാളികൾ അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരി-ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) വിദേശത്ത് വിവിധ സാഹചര്യങ്ങളിൽ മരണമടയുന്ന മലയാളികളുടെ മൃതദേഹം കാലവിളംബം കൂടാതെ നാട്ടിലെത്തിക്കുക, അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ആശ്രിതർക്ക് എത്രയുംപെട്ടന്ന് ലഭ്യമാക്കുക, വിദേശ രാജ്യങ്ങളിൽ കള്ളക്കേസുകളിൽ കുടുങ്ങിയും അല്ലാതെയും തടവിലാക്കപ്പെട്ട് യാതന അനുഭവിക്കുന്നവരെ കണ്ടുപിടിച്ച് മോചിപ്പിച്ച് നാട്ടിലെത്തിക്കുക, തൊഴിൽ നഷ്ടപ്പെട്ട് മതിയായ യാത്രാരേഖകളില്ലാതെ നട്ടം തിരിയുന്നവരെ നാട്ടിലെത്തിക്കുക, സ്പോൺസർമാരുടെയും ഏജന്റുമാരുടെയും അനധികൃത തടങ്കലിൽ കഴിയുന്നവരെ മോചിപ്പിക്കുക, അപകടത്തിൽപ്പെട്ട-വർക്ക് ആശ്വാസമെത്തിക്കുക, തൊഴിൽ തർക്കങ്ങൾ ന്യായമായി പരിഹരിക്കുക, തൊഴിലുടമയിൽ നിന്നും ലഭിക്കുവാനുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കുവാൻ സഹായിക്കുക തുടങ്ങിയ കാര്യങ്ങളിൽ അതാത് രാജ്യങ്ങളിലെ ഇന്ത്യൻ എമ്പസികളുമായും കോൺസുലേറ്റുകളുമായും ബന്ധപ്പെട്ട് സമയോചിതമായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രവാസി മലയാളികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി എയർ ഇന്ത്യയുടെ ബജറ്റ് എയർലൈൻ കേരള സർക്കാരിന്റെ ശ്രമഫലമായി ആരംഭിച്ചിട്ടുണ്ട്. വീട്ടുജോലിക്കായി വിദേശങ്ങളിൽ പോകുന്ന സ്ത്രീകൾ പീഢിപ്പിക്കപ്പെടുന്ന അവസരങ്ങളിൽ അക്കാര്യം ബന്ധപ്പെട്ട എമ്പസ്സികളുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും അവരെ മോചിപ്പിച്ച് നാട്ടിലെത്തിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നു. യു.എ.ഇ.യിൽ പ്രഖ്യാപിച്ച പൊതുമാപ്പിന്റെ ആനുകൂല്യം പ്രയോജനപ്പെടുത്തി മതിയായ രേഖകളില്ലാതെ അവിടെ അനധികൃതമായി കഴിയുന്ന മലയാളികളെ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിന് സർക്കാർ മുൻകൈയെടുക്കുകയുണ്ടായി. കൂടാതെ |

പ്രവാസികൾക്ക് അടിയന്തിരമായി സഹായം ആവശ്യമായിവരുന്ന ഘട്ടത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികളെടുത്ത് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വിദേശ രാജ്യങ്ങളിലേയ്ക്ക് തൊഴിൽ തേടിപോകുന്ന ഉദ്യോഗാർത്ഥികളുടെ വിസയുടെ നിജസ്ഥിതി പരിശോധിക്കുന്നതിനുള്ള സംവിധാനം നോർക്ക വകുപ്പിൽ നിലവിലുണ്ട്. വിദേശത്ത് തൊഴിൽ തേടിപ്പോകുന്ന ഉദ്യോഗാർത്ഥികളെ സഹായിക്കുന്ന തിനായി നോർക്കാ-റൂട്ട്സിന് റിക്രൂട്ട്മെന്റ് ലൈസൻസ് ലഭിച്ചിട്ടുണ്ട്. പ്രവർത്തനമാരംഭിക്കുമ്പോൾ ഈ സേവനം പ്രയോജനപ്പെടുത്തി മലയാളി ഉദ്യോഗാർത്ഥികൾക്ക് വിദേശത്ത് ഒരു പരിധിവരെ ചൂഷണമില്ലാതെ ജോലിസമ്പാദിക്കാൻ കഴിയുന്നതാണ്.

(ബി) പ്രവാസി മലയാളികൾക്ക് ആരോഗ്യസുരക്ഷ, പെൻഷൻ, തൊഴിൽ സംരംഭക സഹായങ്ങൾ, വിദേശത്ത് മരണപ്പെടുന്നവരുടെ ആശ്രിതർക്കുള്ള സഹായങ്ങൾ എന്നിവ നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്;

(ബി) വിദേശരാജ്യങ്ങളിൽ ജോലിചെയ്തുവരുന്ന പ്രവാസികൾക്കായി യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് അപകട സഹായ കുടുംബ ആരോഗ്യ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ ഇൻഷ്വറൻസ് പദ്ധതിയിൽ പദ്ധതി കാലയളവായ മൂന്ന് വർഷത്തിനുള്ളിൽ അപകടമോ മരണമോ സംഭവിച്ചാൽ പ്രവാസികളുടെ കുടുംബാംഗങ്ങൾക്ക് പ്രീമിയം തുകയ്ക്ക് ആനുപാതികമായി ഇൻഷ്വറൻസ് തുക ലഭിക്കുന്നതാണ്. വിദേശത്ത്നിന്നും നാട്ടിൽ തിരിച്ചെത്തിയവർക്കായി ചെറുകിട തൊഴിൽ സംരംഭ പദ്ധതികൾ നോർക്ക-റൂട്ട്സിന്റെ മേൽനോട്ടത്തിൽ നടത്തുന്നുണ്ട്. ഈ പദ്ധതിയിൻ കീഴിൽ വെറ്റ് ഗ്രൈൻഡർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 40 പേർക്ക് 10,000 രൂപ വരെ ധനസഹായവും ഫെഡറൽ ബാങ്ക് വഴി 13 പേർക്ക് വായ്പയും നൽകിയിട്ടുണ്ട്. മരണമടയുന്ന പ്രവാസികളുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനും അവരുടെ അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കും മരണമടഞ്ഞതും, തിരിച്ചുവന്നതുമായ പ്രവാസികളുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ മാതൃകയിൽ രൂപീകരിക്കപ്പെട്ട 'സാന്ത്വന' പദ്ധതിയിൽ നിന്ന് ധനസഹായം നൽകി വരുന്നുണ്ട്. വിദേശത്ത് മരണമടഞ്ഞ 28 പ്രവാസികളുടെ ആശ്രിതർക്ക് ആകെ 3,89,000 രൂപ സാന്ത്വന പദ്ധതിയിൽ നിന്നും കുടുംബ സഹായമായി നൽകിയിട്ടുണ്ട്.

വിദേശത്ത് വച്ച് മരണമടയുകയോ ഗുരുതരമായി അംഗവൈകല്യം സംഭവിക്കുകയോ ചെയ്യുന്നവരുടെ കുടുംബത്തിന് ഒരു ലക്ഷം രൂപ ധനസഹായം നൽകുന്ന ഒരു പദ്ധതിയ്ക്കും രൂപം നൽകിവരുന്നു.

| | |
|---|---|
| (സി) പ്രവാസി മലയാളി-കളുടെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ശാസ്ത്രീയമായി പഠിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം നല്കുമോ ? | (സി) പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും പരിഹാരമാർഗ്ഗം കാണുന്നതിന് ഫലപ്രദമായ സംവിധാനങ്ങൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. കൂടുതൽ പഠനങ്ങളും ക്ഷേമ പദ്ധതികളും നടപ്പിലാക്കാൻ വിശദമായ പദ്ധതി തയ്യാറാക്കുന്നുണ്ട്. പ്രവാസിക്ഷേമത്തിനായി പ്രത്യേക നിയമംകൊണ്ടുവരാനും ആലോചിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ : 158 11.09.2007-ൽ മറുപടിയ്ക്ക്

**പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.സി.വേണുഗോപാൽ<br>ശ്രീ.കെ.സുധാകരൻ<br>ശ്രീ.ടി.എൻ.പ്രതാപൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാന സർവ്വീസിലെ തസ്തികകളിൽ പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടെന്ന് കരുതുന്നുണ്ടോ;<br><br>(ബി) ഇല്ലെങ്കിൽ സർക്കാർ സർവ്വീസിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത പിന്നോക്ക വിഭാഗങ്ങൾക്ക് വേണ്ടി സ്പെഷ്യൽ റിക്രൂട്ടമെൻറ് നടത്താനുദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (എ) യും (ബി) യും ഇക്കാര്യംപരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 159

11..9..2007-ൽ മറുപടിക്ക്

## വ്യവസായിക പിന്നോക്കാവസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എം.മാണി | ശ്രീ.എളമരം കരീം<br>(ബഹു.വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വ്യവസായിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് എന്തെങ്കിലും നൂതന പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശമുണ്ടോ;<br><br>(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ; | (എ) യും (ബി)യും സംസ്ഥാനത്തിന്റെ വ്യാവസായിക പിന്നോക്കാവസ്ഥ പരിഹരിക്കുക എന്ന ലക്ഷ്യം വച്ചും കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുക എന്ന ഉദ്ദേശത്തോടെയും ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം നൂതനമായ പല നയങ്ങളും ഉൾപ്പെടുത്തി 2007-ൽ ഒരു പുതിയ ഇൻഡസ്ട്രിയൽ പോളിസി പ്രഖ്യാപിച്ചിട്ടുണ്ട്. പോളിസി ഊന്നൽ കൊടുക്കുന്നത് അടിസ്ഥാന സൗകര്യ വികസനത്തിനാണ്. ഇതിനായി ഇൻഫ്രാസ്ട്രക്ചേഴ്സ് കേരള ലിമിറ്റഡ്, കെ.എസ്.ഐ.ഡി.സി., കിൻഫ്രാ, ഡി.ഐ.സി. എന്നിവയുടെ സഹായത്തോടെയും പ്രവാസി മലയാളികളുടെ പങ്കാളിത്തത്തോടെയും വ്യവസായ അടിസ്ഥാന സൗകര്യം ലോക നിലവാരത്തിൽ വികസിപ്പിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.<br>(പുതിയ വ്യവസായ വാണിജ്യ നയത്തിലെ പ്രധാന പദ്ധതികൾ വിശദീകരണ കുറിപ്പിൽ ചേർത്തിട്ടുണ്ട്). |
| (സി) ഈ സർക്കാർ അധികാരമേറ്റശേഷം ഏതെങ്കിലും വ്യവസായിക സംരംഭങ്ങൾ പൊതുമേഖലയിൽ ആരംഭിച്ചിട്ടുണ്ടോ;<br><br>(ഡി) എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) യും (ഡി) യും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ പുതിയതായി പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. സംസ്ഥാനത്തെ വ്യവസായിക അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി 26% സർക്കാർ ഓഹരി പങ്കാളിത്തമുള്ള ഇൻഫ്രാ സ്ട്രക്ചേഴ്സ് കേരള ലിമിറ്റഡ് (ഇൻകെൽ) എന്ന ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>വിശദീകരണക്കുറിപ്പ്</u>

സംസ്ഥാനത്തിന്റെ വ്യവസായിക പിന്നോക്കാവസ്ഥ പരിഹരിക്കുക, നിക്ഷേപം ആകർഷിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഈ സർക്കാർ ഒരു പുതിയ വ്യവസായ വാണിജ്യ നയം രൂപീകരിച്ചിട്ടുണ്ട്.

i) സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന്റെ പ്രധാന തടസ്സം അടിസ്ഥാന സൗകര്യ അഭാവമാണ്. ഉല്പാദന സേവന മേഖലകളിൽ വൻതോതിൽ നിക്ഷേപം ആകർഷിക്കാൻ ഉതകുന്ന വിധത്തിൽ അടിസ്ഥാന സൗകര്യം ഒരുക്കി കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിന് സൗകര്യങ്ങൾ ഒരുക്കാൻ പദ്ധതികൾ തയ്യാറാക്കും.

ii) വൻതോതിൽ നിക്ഷേപം ആകർഷിക്കാൻ ഉതകുന്ന തരത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന് രൂപീകരിച്ച ഇൻകെൽ പദ്ധതികൾ ഏറ്റെടുക്കും.

iii) വ്യവസായ സംരംഭകർക്ക് ഭൂമി ലഭ്യത, പ്രകൃതി, വിസ്തീർണ്ണം, മൂല്യം തുടങ്ങിയ നിർണ്ണായക വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഭൂമി വിവര ബാങ്ക് രൂപീകരിക്കും.

iv) വ്യവസായ വാണിജ്യ ആവശ്യത്തിന് തടസ്സം ഇല്ലാതെ വൈദ്യുതി ലഭ്യമാക്കും.

v) അന്താരാഷ്ട്ര നിലവാരമുള്ള റോഡുകൾ, പാലങ്ങൾ, ഉൾനാടൻ ജലപാതകൾ, ചെറുകിട-ഇടത്തരം-വൻകിട തുറമുഖങ്ങൾ എന്നിവ വികസിപ്പിക്കും.

vi) വൻകിട വ്യവസായ ജലവിതരണ പദ്ധതികൾ, വൈദ്യുതി വിതരണ പദ്ധതികൾ മാലിന്യ സംസ്കരണ പ്ലാന്റുകൾ എന്നിവ വ്യാവസായിക മേഖലയിൽ സ്ഥാപിക്കും.

vii) പ്രവാസി ഇന്ത്യാക്കാരായ നിക്ഷേപകർക്ക് വേണ്ടി പ്രത്യേകമായി ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കും.

viii) മെഗാ വ്യവസായ് പാർക്കുകൾ, വ്യവസായിക ടൗൺഷിപ്പുകൾ, പ്രത്യേക സാമ്പത്തിക മേഖലകൾ, വ്യവസായ ഇടനാഴികൾ, മേഖലാധിഷ്ഠിത വ്യാവസായിക പാർക്കുകൾ എന്നിവ സ്ഥാപിക്കും.

ix) മലിനീകരണ നിയന്ത്രണം, മാലിന്യ സംസ്കരണം എന്നീ മേഖലകളെ സഹായിക്കുന്നതിനായി പ്രോൽസാഹന പദ്ധതി (മൊത്തം ചെലവിന്റെ 50 ശതമാനം ഉയർന്ന പരിധി 25 ലക്ഷം രൂപ)

x) മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഉന്നതതല സമിതിയുടെ ശുപാർശ പ്രകാരം നൂറു കോടിയോ അതിലധികമോ മൂലധനമുള്ള വൻ സംരംഭങ്ങൾക്ക് പ്രത്യേക ഇൻസെന്റീവ് പദ്ധതി.

xi) കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ. ആക്ടിനനുസൃതമായി എല്ലാത്തരം വ്യവസായ യൂണിറ്റുകൾക്കും ഇൻസെന്റീവ്.

xii) സൂക്ഷ്മ, ചെറുകിട, മദ്ധ്യതല സംരംഭ വികസന നിയമത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ലഘു ചെറുകിട സംരംഭങ്ങൾക്ക് പ്രൈസ് പ്രിഫറൻസ് സംവിധാനം നടപ്പിലാക്കും.

**പന്ത്രണ്ടാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 160** 11 .9 .2007-ൽ മറുപടിക്ക്

**ഹാൻറക്സ്, ഹാൻവീവ് എന്നിവയുടെ നവീകരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. സി.കെ. പി. പത്മനാഭൻ<br>ശ്രീ.കെ.വി. കുഞ്ഞിരാമൻ<br>ശ്രീ.പി. ജയരാജൻ.<br>ശ്രീ. എ. സി.മൊയ്തീൻ | ശ്രീ .എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ഹാൻറക്സ്, ഹാൻവീവ് എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ)ഹാൻറക്സ്, ഹാൻവീവ് എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.<br>ഹാൻറക്സിന്റെ നവീകരണത്തിനായി 3848.76 ലക്ഷം രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br><br>ഹാൻവീവിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ കണ്ണൂർ ജില്ലയിൽ 'കൃതിക' എന്ന പേരിലും, തിരുവനന്തപുരം ജില്ലയിൽ 'തനിമ' എന്ന പേരിലും രണ്ട് പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>ഹാൻറക്സ്, ഹാൻവീവ് എന്നിവയുടെ മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കൂടുതൽ വായ്പാ സൗകര്യങ്ങൾ അർഹമാക്കുന്നതിനും വേണ്ടി താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി ഹാൻറക്സിനും, ഹാൻവീവിനും 3:2 എന്ന അനുപാതത്തിൽ ഓഹരി പങ്കാളിത്തം നൽകുന്നതിലേക്കായി 30 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു.<br><br>1. ഗവേഷണവും, വികസനവും<br>2. രൂപകൽപന, വൈദഗ്ധ്യ ഉന്നമന പരിപാടികൾ.<br>3. വിപണന മുദ്ര വാണിജ്യ വൽക്കരണ ചെലവിന്റെ 50%. |

4. ഡിസൈൻ വികസിപ്പിക്കൽ
5. പ്രവർത്തന മൂലധനത്തിന്റെ 25% വരെ കരുതൽ ധനം നൽകാൻ ഹാൻടെക്സിന്റെ പ്രവർത്തനങ്ങൾ പുനരുദ്ധരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി പുതിയ പദ്ധതിയായ Flag ship programme- ന്റെ കീഴിൽ നടപ്പു സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി)ഇവയുടെ പ്രവർത്തനം നെയ്ത്തുകാരുടെ താൽപര്യം മുൻനിർത്തി പുന:സംഘടിപ്പിക്കുമെന്ന് വ്യവസായ നയത്തിൽ വ്യക്തമാക്കിയിട്ടുണ്ടോ; | (ബി) ഉണ്ട്. |
| സി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | സി)ഇതു സംബന്ധിച്ച പ്രൊജക്ട് പ്രൊപ്പോസലുകൾ കൈത്തറി വകുപ്പ് ഡയറക്ടർ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ-161 — 11.09.2007-ൽ മറുപടിയ്ക്ക്.

## കേരള ഹൗസിൽ ആരംഭിച്ച എം.പി.സെൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം<br>,, കെ.കുഞ്ഞിരാമൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) കേരള ഹൗസിൽ ആരംഭിച്ച എം.പി.സെല്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) സംസ്ഥാനത്തിന്റെ വിവിധ പ്രശ്നങ്ങൾ പാർലമെന്റിൽ അവതരിപ്പിക്കുന്നതിനായി എം.പി.മാർക്ക് ആവശ്യമുള്ളതും അവർ ആവശ്യപ്പെടുന്നതുമായ വിവരങ്ങൾ യഥാസമയം നൽകുക, മുഖ്യമന്ത്രിയും മറ്റ് സംസ്ഥാന മന്ത്രിമാരും പ്രധാന മന്ത്രിക്കും മറ്റ് കേന്ദ്രമന്ത്രിമാർക്കും സമർപ്പിക്കുന്ന നിവേദനങ്ങളുടെയും മറ്റ് പ്രധാന കുറിപ്പുകളുടെയും പകർപ്പുകൾ തുടർനടപടികൾക്കായി യഥാസമയം എം.പി.മാർക്ക് ലഭ്യമാക്കുക, കേരളത്തിന് ലഭിക്കേണ്ട പദ്ധതി വിഹിതങ്ങൾ, പ്രൊജക്റ്റുകൾ, മറ്റ് കേന്ദ്രസഹായങ്ങൾ എന്നിവ പരമാവധി നേടിയെടുക്കുന്നതിനായി എം.പി.മാർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുക, കേരളത്തിൽ നിന്നുള്ള എം.പി.മാർക്ക് കേന്ദ്ര സംസ്ഥാന മന്ത്രിമാരുമായും റസിഡന്റ് കമ്മീഷണർ, കേരളത്തിലെയും കേന്ദ്രത്തിലെയും മറ്റ് ഉയർന്ന ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ചകൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുക തുടങ്ങിയ നടപടികൾ വഴി സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായുള്ള എം.പി.മാരുടെ മൊത്തം പ്രവർത്തനങ്ങളെ സഹായിക്കുക എന്നുള്ളതാണ് എം.പി.സെല്ലിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. |

| | | | |
|---|---|---|---|
| (ബി) | കേരളത്തിന്റെ പ്രശ്നങ്ങൾ ഫലപ്രദമായി പാർലമെന്റിൽ അവതരിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടുന്നതിനും എം.പി.മാരെ സഹായിക്കുന്നതിന് സെല്ലിന്റെ പ്രവർത്തനം സഹായകമാകുമോ; | (ബി) | ആകും എന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | സെല്ലിന്റെ പ്രവർത്തനത്തിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ള തെന്ന് അറിയിക്കുമോ? | (സി) | കേരളത്തിൽ നിന്നുള്ള എം.പി.മാരെ സഹായിക്കുന്നതിനായി ഒരു റഫറൻസ് ലൈബ്രറി സജ്ജമാക്കി യിട്ടുണ്ട്. ടെലിഫോൺ സംവിധാനവും ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള കംപ്യൂട്ടറുകളും ലഭ്യമാക്കിയിട്ടുണ്ട്. എം.പി.മാർക്ക് കോൺഫറൻസുകൾ നടത്തുന്നതിനായി സെല്ലിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. അതോടൊപ്പം സെല്ലിനോടനുബന്ധിച്ച് ഒരു ബിസിനസ് സെന്ററും പ്രവർത്തി ക്കുന്നുണ്ട്. എം.പി.മാരെ സഹായി ക്കുന്നതിനായി ലെയ്സൺ ഓഫീ സറുടെ നേതൃത്വത്തിൽ 3 അസിസ്റ്റന്റ് ലെയ്സൺ ആഫീസർമാരെയും പുതുതായി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 162 — 11.9-2007ൽ മറുപടിക്ക്

## ക്ഷീരകർഷക ക്ഷേമനിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. പി.ജയരാജൻ<br>ശ്രീ.പി. കൃഷ്ണപ്രസാദ്<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.കെ.ടി.ജലീൽ | ശ്രീ.സി.ദിവാകരൻ<br>(ബഹു.ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോ സംരക്ഷണവും വകുപ്പ് മന്ത്രി). |
| (എ). ക്ഷീരകർഷക ക്ഷേമനിധി നിയമം നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) കേരള ക്ഷീരകർഷക ക്ഷേമനിധി ഓർഡിനൻസിലുണ്ടായിരുന്ന അംശാദായം സ്വരൂപിക്കുന്നതും അംഗത്വം നൽകുന്നതും സംബന്ധിച്ച അപാകതകളും അവ്യക്തതകളും ഒഴിവാക്കിക്കൊണ്ട് ക്ഷീരകർഷക ക്ഷേമനിധി നിയമം 13.4.2007 ൽ നിലവിൽ വന്നു. 20.4.2007 ൽ അഡ്വക്കേറ്റ്.ജെ. വേണുഗോപാലൻ നായർ ചെയർമാനായി 9 അംഗ ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായ ആനുകൂല്യംനൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കേരള ക്ഷീരകർഷക ക്ഷേമനിധി നിയമത്തിന് വിധേയമായി 21021 പേർക്ക് 250 രൂപ നിരക്കിൽ പ്രതിമാസ പെൻഷനും 102 പേർക്ക് 125 രൂപ നിരക്കിൽ കുടുംബ പെൻഷനും നൽകി വരുന്നു. |
| (ബി) ഇതിനകം എത്രപേർ ക്ഷേമനിധിയിൽ | (ബി) ക്ഷീരകർഷക ക്ഷേമനിധിയിൽ നാളിതു |

അംഗമായി ചേർന്നിട്ടുണ്ട്;

വരെ ആകെ 1,31,972 ക്ഷീരകർഷകർ അംഗങ്ങളായി ചേർത്തിട്ടുണ്ട്.

(സി) ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ ലഭിക്കുന്നതിന് വേണ്ട യോഗ്യതകൾ എന്തെല്ലാമാണ്;

(സി) ക്ഷേമനിധിയിൽ അംഗമായ ക്ഷീര കർഷകൻ പത്തുവർഷമെങ്കിലും പ്രാഥമിക ക്ഷീര സഹകരണസംഘത്തിൽ പാൽ അളക്കുകയും ശാരീരികമായ അവശത മൂലം തുടർന്ന് കന്നുകാലി വളർത്തലിൽ ഏർപ്പെടാൻ കഴിയാതെ വരുകയോ ചെയ്താൽ ആ ആൾക്ക് പെൻഷൻ നൽകുന്നതിനും ക്ഷേമനിധിയിൽ അംഗമായി അഞ്ചു വർഷം സംഘത്തിൽ പാൽ അളക്കുകയും അറുപതു വയസ്സ് പൂർത്തിയാവുകയും ചെയ്യുയാൾക്ക് പെൻഷൻ നൽകുന്നതിനും, എന്നാൽ സംഘത്തിൽ അംഗമായ എങ്കിലും തുടർച്ചയായി പാൽ അളക്കുകയുംഅംശദായം അടയ്ക്കുകയും ചെയ്തു വരുന്ന കർഷകനും പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണെന്നും ക്ഷേമനിധി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്

(ഡി) ഇതിനകം പെൻഷനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചു; എത്ര എണ്ണത്തിൽ തീരുമാനമെടുത്തു;

(ഡി)ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും പെൻഷൻ ലഭിക്കുന്നതിനായി നാളിതുവരെ ആകെ 22061 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ബോർഡ് തീരുമാനത്തിന് വിധേയമായി അർഹരായ 21021 പേർക്ക് നിലവിൽ പെൻഷൻ നൽകുന്നുണ്ട്.

(ഇ) അർഹരായവർക്ക് പെൻഷൻ അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

(ഇ) അർഹരായ അപേക്ഷകർക്ക് ക്ഷേമനിധി ബോർഡ് തീരുമാനത്തിന് വിധേയമായി പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 163** | **11.9.2007-ൽ മറുപടിക്ക്**

### "കൊച്ചി തിരുവനന്തപുരം മേഖലകളിൽ ഇലക്ട്രോണിക് വ്യവസായ കേന്ദ്രം സ്ഥാപിക്കാൻ നടപടി"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.എ റഹീം.<br>ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.എം.എം.യൂസഫ്<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കൊച്ചി, തിരുവനന്തപുരം മേഖലകളിൽ ഇലക്ട്രോണിക് വ്യവസായങ്ങൾക്കുള്ള ഓരോ കേന്ദ്രം സ്ഥാപിക്കാനുള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) കൊച്ചി, തിരുവനന്തപുരം മേഖലകളിൽ ഇലക്ട്രോണിക് വ്യവസായങ്ങൾക്കുള്ള കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതിനായി തിരുവനന്തപുരത്ത് 250 ഏക്കർ സ്ഥലവും, കൊച്ചിയിൽ 2261 ഏക്കർ സ്ഥലവും കണ്ടെത്തിയിട്ടുണ്ട്. |
| (ബി) വൻകിട ഇലക്ട്രോണിക് വ്യവസായികൾ ഇവിടെ മുതൽ മുടക്കാൻ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ടോ; | (ബി) വൻകിട ഇലക്ട്രോണിക് വ്യവസായികൾ 'ഇലക്ട്രോണിക് ഹബ്ബ്'-ൽ മുതൽമുടക്കുന്നതു സംബന്ധിച്ച ചർച്ചകൾ പുരോഗമിച്ചുവരുന്നു. |
| (സി) ഇലക്ട്രോണിക് ഹബ്ബ് സ്ഥാപിക്കുന്നതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം | (സി) ഇലക്ട്രോണിക് ഹബ്ബ് സ്ഥാപിക്കുന്നതു സംബന്ധിച്ച് സർക്കാർ ഒരു കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റി വിശദ |

| | |
|---|---|
| നടത്തിയിരുന്നോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | മായ പഠനം നടത്തി ഒരു റിപ്പോർട്ട് 2007 ഫെബ്രുവരിയിൽ സമർപ്പിക്കുകയുമുണ്ടായി. ഇതിന്റെ വെളിച്ചത്തിലാണ് ഇലക്ട്രോണിക് ഹബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നത്. |
| (vi) ഇതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ? | (vi) ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതു സംബന്ധിച്ച് സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 164

11-09-2007 -ലെ
മറുപടിയ്ക്ക്

## ഉപഭോക്തൃ സംരക്ഷണ ഏജൻസികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജോസഫ് എം. പുതുശ്ശേരി**<br>**ശ്രീ. റോഷി അഗസ്റ്റിൻ**<br>**ശ്രീ. തോമസ് ചാഴികാടൻ** | **ശ്രീ. സി.ദിവാകരൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഉപഭോക്തൃ സംരക്ഷണത്തിനായി ഏതൊക്കെ സർക്കാർ, സർക്കാരിതര ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്; | (എ) സംസ്ഥാനത്ത് ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങൾക്കായി സർക്കാർ ഏജൻസികളായി സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും, ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളും, ജില്ലാ ഉപഭോക്തൃ സംരക്ഷണ കൗൺസിലുകളും, ഉപഭോക്തൃ ക്ഷേമനിധിയും, ലീഗൽ മെട്രോളജി വകുപ്പും പ്രവർത്തിക്കുന്നുണ്ട്. സർക്കാരിതര ഏജൻസികളായി ഒട്ടേറെ സന്നദ്ധ ഉപഭോക്തൃ സംഘടനകളും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത ഏജൻസികളുടെ പ്രവർത്തന ശൈലി എന്തെന്ന് വ്യക്തമാക്കുമോ? | (ബി) ഉപഭോക്തൃ സംരക്ഷണത്തിനായി പരാതികൾ കേൾക്കുന്നതിനും നിയമാനുസൃതമായ മാർഗ്ഗങ്ങളിലൂടെ സംരക്ഷണം നൽകുന്നതിനുമായി സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും 14 ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളും കേരളത്തിൽ പ്രവർത്തിച്ചുവരുന്നു. ജില്ലയിലെ ഉപഭോക്താക്കളുടെ വിവിധ അവകാശങ്ങളെക്കുറിച്ച് അവരെ ബോധവൽക്കരിക്കുകയും, ചൂഷണത്തിൽനിന്ന് സംരക്ഷിക്കുകയും അതിലേക്കാവശ്യമായ ശുപാർശ സമർപ്പിക്കുകയുമാണ് ജില്ലാ കൗൺസിലുകളുടെ പ്രധാന പ്രവർത്തനം. സന്നദ്ധ ഉപഭോക്തൃ സംഘടനകളുടെ പ്രവർത്തനങ്ങൾക്കു സാമ്പത്തിക സഹായം നൽകുകയാണ് ഉപഭോക്തൃ ക്ഷേമ നിധിയുടെ ലക്ഷ്യം.<br><br>അളവുതൂക്ക രംഗത്തെ കൃത്യത ഉറപ്പു വരുത്തുന്നതാണ് ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രധാന പ്രവർത്തനം. ഇതിനായി താലൂക്ക് തലത്തിലുള്ള ഇൻസ്പെക്ടറാഫീസുകളിലും, പഞ്ചായത്ത് തലത്തിലും, ക്യാമ്പ് ചെയ്ത് അതാത് സ്ഥലത്തെ വ്യാപാരി വ്യവസായികളുടെ അളവുതൂക്ക ഉപകരണങ്ങൾ കൃത്യത പരിശോധന നടത്തി സർക്കാർ മുദ്ര പതിപ്പിച്ചു; |

കൊടുക്കുന്നു. ഇപ്രകാരം കൃത്യതപ്പെടുത്താത്തവർ, കൃത്യതപ്പെടുത്തുന്നതിൽ കൃത്രിമം കാട്ടുന്നവർ എന്നിവരെ കണ്ടുപിടിക്കുന്നതാണ് ഈ വകുപ്പിന്റെ മറ്റൊരു പ്രധാന കർത്തവ്യം. കൂടാതെ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ 'പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾസ്' സംബന്ധിച്ചുള്ള കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതും ഈ വകുപ്പിന്റെ പ്രധാന പ്രവൃത്തിയാണ്.

(സി) സാധാരണക്കാരായ ഉപഭോക്താക്കളുടെ അവകാശ സംരക്ഷണത്തിനായി എന്തൊക്കെ സഹായ സംവിധാനങ്ങളാണ് നൽകി വരുന്നതെന്നു വിശദമാക്കുമോ?

(സി) ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും അതിലൂടെ ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി പല നടപടികളും കൈക്കൊണ്ടു വരികയാണ്. ഇതിന്റെ ഭാഗമായാണ് സംസ്ഥാന കമ്മീഷനും ജില്ലാ ഫോറങ്ങളും രൂപീകരിച്ചത്. ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾക്ക് കാര്യക്ഷമമായ പ്രവർത്തനത്തിനുതകും വിധം ലൈബ്രറി പുസ്തകങ്ങൾ, ഫോട്ടോ കോപ്പിയറുകൾ, ഫാക്സ് മെഷീനുകൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങി നൽകി. കേസുകൾ തീർപ്പാക്കുന്നതിലെ വേഗതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന കമ്മീഷനേയും ജില്ലാ ഫോറങ്ങളേയും നെറ്റ്വർക്ക് മുഖാന്തിരം ബന്ധിപ്പിച്ചു കൊണ്ടുള്ള കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കിവരുകയാണ്. ഇതിന്റെ ഭാഗമായി **NIC** യുടെ സഹായത്തോടെ പ്രത്യേക സോഫ്റ്റ്വെയർ വികസിപ്പിച്ചെടുക്കുകയും അത് സംസ്ഥാന കമ്മീഷനിലും എല്ലാ ജില്ലാ ഫോറങ്ങളിലും പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിലേക്കാവശ്യമായ കംപ്യൂട്ടറുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും സംസ്ഥാന കമ്മീഷനിലും ജില്ലാ ഫോറങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്.

ഉപഭോക്താക്കളിൽ അവബോധം സൃഷ്ടിച്ച് അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യുകയും ഉപഭോക്തൃ ദിനങ്ങൾ ആചരിക്കുകയും, പൊതുയോഗങ്ങൾ, സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്. വർഷം തോറും ഡിസംബർ 24 ന് ദേശീയ ഉപഭോക്തൃ ദിനവും, മാർച്ച് 15 ന് ലോക ഉപഭോക്തൃ ദിനവും ആചരിക്കുന്നു. ഇതിന്റെ ഭാഗമായി ഉപഭോക്താക്കളിൽ അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനെക്കുറിച്ചും, ഗുണമേന്മയെക്കുറിച്ചും അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലുടനീളം ഉപഭോക്തൃ വാരാചരണം സംഘടിപ്പിക്കാറുണ്ട്. ഉപഭോക്തൃ കാര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന

തിലേക്കായി **www.consumeraffairskerala.gov.in** എന്ന വെബ്സൈറ്റ് നിലവിലുണ്ട്.

ഉപഭോക്തൃ ബോധവത്ക്കരണ പരിപാടികൾക്കായി ഒരു ജില്ലയിലേക്ക് 1,25,000 രൂപാ വീതം 17.5 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഈ തുക ഉപയോഗിച്ച് ഉപഭോക്താവിന്റെ ഉന്നമനത്തിനും താല്പര്യ സംരക്ഷണത്തിനും ഉതകുന്നരീതിയിലുള്ള ഉപഭോക്തൃ ബോധവത്ക്കരണ പരിപാടികൾ ജില്ലാതലത്തിൽ സംഘടിപ്പിച്ചുവരുകയാണ്. ഇതിന്റെ ഭാഗമായി ബഹുവർണ്ണ പോസ്റ്ററുകളും പാംലെറ്റ്സുകളും അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ ഉപഭോക്താക്കൾക്കിടയിൽ ശക്തമായ ഒരു ഉപഭോക്തൃ സംസ്കാരം വളർത്തികൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ സന്നദ്ധ ഉപഭോക്തൃ സംഘടനകളുടെ രൂപീകരണത്തിനും അവരുടെ പ്രവർത്തനത്തിനും സർക്കാർ എല്ലാവിധ പ്രോൽസാഹനവും നൽകുന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഉപഭോക്തൃ സംഘടനകളെ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഉപഭോക്തൃ സംരക്ഷണ രംഗത്ത് ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന സന്നദ്ധ സംഘടനകൾക്ക് സംസ്ഥാന സർക്കാർ രാജീവ്ഗാന്ധി സംസ്ഥാന ഉപഭോക്തൃ സംരക്ഷണ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങളിൽ സന്നദ്ധ ഉപഭോക്തൃ സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ ഉപഭോക്തൃ ക്ഷേമ നിധി രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

സാധാരണക്കാരായ ഉപഭോക്താക്കളുടെ അവകാശ സംരക്ഷണത്തിനായി ലീഗൽ മെട്രോളജി വകുപ്പും വിവിധ തരത്തിലുള്ള സഹായസംവിധാനങ്ങൾ നൽകി വരുന്നു. അളവുതൂക്ക ഉപകരണങ്ങളുടെ കൃത്യത പരിശോധിക്കുകയും മുദ്ര ചെയ്യുന്ന ഉപകരണങ്ങൾക്ക് സത്യാപന സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. ഈ സർട്ടിഫിക്കറ്റ് അളവുതൂക്ക ഉപകരണങ്ങൾ ഉപയോഗിക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്. ഉപഭോക്താക്കളുടെ പരാതികൾ കൈകാര്യം ചെയ്യുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന്റെ കീഴിൽ ഒരു പരാതി സെൽ പ്രവർത്തിക്കുന്നുണ്ട്. ഈ സെല്ലിൽ പരാതി ലഭിച്ചാൽ ഉടനടി പരാതി അന്വേഷിച്ച് പരിഹാര നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ . 165

11/09/2007 - ൽ
മറുപടിക്ക്

## റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :<br>ശ്രീ. എം. ഉമ്മർ : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) മുന്തിയ ഇനം റേഷൻ അരി, ഗോതമ്പ് എന്നിവ സ്വകാര്യ മില്ലുകളിലും കരിഞ്ചന്തകളിലും എത്തുന്നത് ഏത് വിധേനയാണെന്ന് വിവരം ലഭിച്ചിട്ടുണ്ടോ ; | (എ) മുന്തിയ ഇനം റേഷൻ അരി, ഗോതമ്പ് എന്നിവ സ്വകാര്യ മില്ലുകളിലും കരിഞ്ചന്തകളിലും സാധാരണ രീതിയിൽ എത്താറില്ല. എന്നാൽ റേഷൻ സാധനങ്ങൾ തിരിമറി നടത്തി കൊള്ള ലാഭമുണ്ടാക്കാൻ ശ്രമിക്കുന്ന ചില റേഷൻ വ്യാപാരികളുടെ നടപടികൾ മൂലം റേഷൻ സാധനങ്ങൾ സ്വകാര്യ മില്ലുകളിലും കരിഞ്ചന്തയിലും എത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരം കേസുകളിൽ ഉത്തരവാദികളായ മൊത്തവ്യാപാരികൾ, ചില്ലറ വ്യാപാരികൾ എന്നിവർക്കെതിരെയും കരിഞ്ചന്തയിൽ വിൽക്കുന്ന വ്യാപാരികൾക്കെതിരെയും ഇ.സി. ആക്റ്റ് പ്രകാരവും മറ്റുമുള്ള പ്രോസിക്യൂഷൻ നടപടികൾ എടുക്കാറുണ്ട്. |
| ബി) ഇവ എഫ്.സി.ഐ. ഗോഡൗണുകൾക്ക് പുറത്തുവെച്ച് തന്നെ കൈമാറ്റം ചെയ്യപ്പെടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഇത്തരം ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

(സി) ഇത്തരം പ്രവർത്തികൾ തടയുന്നതിന് കൈക്കൊള്ളുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

(സി) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ പോകുന്നത് തടയുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. എഫ്.സി.ഐ.യിൽ എല്ലാ ദിവസവും റേഷൻ സാധനങ്ങൾ സ്റ്റോക്കെടുക്കുന്ന സമയത്ത് റേഷനിംഗ് ഇൻസ്പെക്ടറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ പരിശോധനയ്ക്ക് നിയമിച്ചിട്ടുണ്ട്. ഒരു താലൂക്ക് സപ്ലൈ ആഫീസർ ലോഡുകളുടെ നീക്കം നിരീക്ഷിക്കുന്നതിനായി എഫ്.സി.ഐ.യുടെ പരിസരത്ത് ഉണ്ടാകാറുണ്ട്. എഫ്.സി.ഐ. യിൽ നിന്നും സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനത്തിന്റെ മുന്നിലും പിന്നിലും "റേഷൻ സാധനങ്ങൾ" എന്നെഴുതിയ സ്റ്റിക്കർ പതിച്ചിരിക്കും. റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ് പരിശോധിക്കുന്നതും കരിഞ്ചന്ത തടയാൻ സഹായകമാണ്. കൂടാതെ എഫ്.സി.ഐ. യിൽ നിന്ന് എടുക്കുന്ന റേഷൻ സാധനങ്ങൾ മൊത്ത വ്യാപാരികളുടെ ഗോഡൗണിൽ എത്തിയെന്ന് ബോദ്ധ്യപ്പെട്ടതിനുശേഷം മാത്രമേ ചില്ലറ വ്യാപാരികൾക്ക് വിതരണത്തിന് ലിസ്റ്റ് നൽകാറുള്ളൂ. റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ പോകുന്നത് തടയുന്നതിന് ജില്ലാ സപ്ലൈ ആഫീസറുടെ സ്പെഷ്യൽ സ്ക്വാഡും താലൂക്ക് സപ്ലൈ ആഫീസർമാരും വാഹനങ്ങളും മില്ലുകളും പരിശോധിക്കാറുണ്ട്.

ജില്ലതലത്തിൽ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി, റവന്യൂ ഉദ്യോഗസ്ഥന്മാരുടെ സർപ്രൈസ് സ്ക്വാഡുകളുടെയും ഭക്ഷ്യ ഉപദേശക വിജിലൻസ് സ്ക്വാഡുകളുടെയും പ്രവർത്തനം മൂലവും റേഷൻ തിരിമറി തടയുന്നതിന് ഫലപ്രദമായ നടപടികൾ എടുക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 166

11.9.2007 ൽ
മറുപടിയ്ക്ക്

# ഗ്യാസ് സിലിണ്ടറുകളുടെ വിതരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പള്ളിപ്രം ബാലൻ ;<br>ശ്രീ. എൻ. അനിരുദ്ധൻ ;<br>ശ്രീ. ബാബു പോൾ ;<br>ശ്രീ. എ.കെ. ചന്ദ്രൻ ;<br>ശ്രീ. എൻ. രാജൻ ; | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ഗാർഹികാവശ്യത്തിനുള്ള ഗ്യാസ് സിലിണ്ടറുകളുടെ വിതരണത്തിനായി എത്ര ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട് ; | എ) സംസ്ഥാനത്ത് 356 ഗ്യാസ് ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. |
| ബി) ഈ രംഗത്ത് ഇന്നുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നതിനായി താലൂക്ക് തലത്തിൽ താലൂക്ക് സപ്ളൈ ആഫീസർമാരുടെ നേതൃത്വത്തിലും ജില്ലാ തലത്തിൽ ജില്ലാ സപ്ളൈ ആഫീസർമാരുടെ നേതൃത്വത്തിലും സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. തഹസിൽദാർമാർ നേതൃത്വം നല്കുന്നതും ഓയിൽകമ്പനി ആഫീസർമാർ കൂടി ഉൾപ്പെടുന്ന വേറെ സ്ക്വാഡുകളും പ്രവർത്തനനിരതമാണ്. ഗാർഹിക ആവശ്യത്തിനുള്ള പാചക വാതകം ഗാർഹികേതര ആവശ്യത്തിന് ഉപയോഗിക്കുന്നതിനെതിരെ മിന്നൽ പരിശോധനകൾ നടത്തുകയും കുറ്റകൃത്യങ്ങൾ കണ്ടെത്തിയ കേസുകളിൽ ജില്ലാ കളക്ടർ 1955 ലെ ഇ.സി. ആക്ട് പ്രകാരവും 2000 ലെ എൽ.പി.ജി. (റെഗുലേഷൻ ഓഫ് സപ്ളൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ഓർഡർ പ്രകാരവും ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ 19097 റെയ്ഡുകളിലായി 4491 സിലിണ്ടറുകൾ പിടിച്ചെടുത്തിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയ കേസുകളിൽ ഗ്യാസ് വിതരണ ഏജൻസികൾക്കെതിരെ ലൈസൻസ് റദ്ദു ചെയ്യുന്നതടക്കമുള്ള നടപടികൾ എടുക്കുന്നതിന് ബന്ധപ്പെട്ട ഓയിൽ കമ്പനികളോട് ജില്ലാ കളക്ടർമാർ ആവശ്യപ്പെടാറുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇതു സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിന് ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഈ സമിതി ഇതിനകം എത്ര പരാതികൾ പരിഹരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | ഗാർഹിക പാചക വാതക വിതരണത്തിലെ പ്രശ്നങ്ങൾ അവലോകനം ചെയ്യുന്നതിന് വകുപ്പു മന്ത്രി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിക്ക് രൂപം നല്കി നിരീക്ഷണം നടത്തിവരുന്നു.<br><br>ഈ മേഖലയിൽ പ്രവർത്തനം സുഗമമാക്കുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മൂന്നു മാസത്തിലൊരിക്കൽ ഓയിൽ കമ്പനി പ്രതിനിധികൾ, ഗ്യാസ് ഏജൻസി ഉടമകൾ, ഗാർഹിക പാചക വാതക ഉപഭോക്താക്കൾ, ഉപഭോക്താക്കളുടെ സംഘടനാ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ഓപ്പൺ ഫോറങ്ങൾ ജില്ലാ തലത്തിൽ നടത്തിവരുന്നുണ്ട്. ഈ ഫോറത്തിൽ വച്ച് ഉപഭോക്താക്കളുടെ പരാതികൾക്ക് അപ്പോൾ തന്നെ ആവശ്യമായ നടപടികൾ സ്വീകരിച്ച് പരിഹാരം കാണുന്നുണ്ട്. ഓപ്പൺ ഫോറങ്ങളുടക്കമുള്ള ഉന്നത സമിതികളിൽ 591 പരാതികൾ ലഭിക്കുകയും അവയിൽ 505 പരാതികൾ പരിഹരിക്കുകയും ബാക്കിയുള്ള 86 പരാതികളിൽ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കൂടാതെ സംസ്ഥാന തലത്തിൽ വകുപ്പു മന്ത്രി, ഓയിൽ കമ്പനി ഉദ്യോഗസ്ഥർ, സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ, ഗ്യാസ് വിതരണ ഏജൻസികളുടെ സംഘടനാ പ്രതിനിധികൾ എന്നിവരുടെ കോൺഫറൻസുകൾ വിളിച്ചുകൂട്ടി വിതരണ രംഗത്തെ പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹാരം കാണുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യംനമ്പർ: *167. 11.9.2007-ൽ മറുപടിയ്ക്ക്

## കേരളത്തിൽ കൂടുതൽ ഗവേഷണ സ്ഥാപനങ്ങൾ

**ചോദ്യം**

ശ്രീ. ആനത്തലവട്ടം ആനന്ദൻ
ശ്രീ.വി.ചെന്താമരാക്ഷൻ
ശ്രീമതി.കെ.കെ.ലതിക
ശ്രീ.ജോർജ്ജ്.എം.തോമസ്
ശ്രീ.പി.ടി.എ.റഹീം

**ഉത്തരം**

ശ്രീ. വി.എസ്.അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ) കേരളത്തിൽ കൂടുതൽ ഗവേഷണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) ഏതെല്ലാം ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനാണ് കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുള്ളത്;

(ബി) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ വിവിധ വിഷയങ്ങളിൽ സെന്റേഴ്സ് ഓഫ് എക്സലൻസ് (Centres of Excellence) സ്ഥാപിക്കുന്നതിനായി താഴെ കാണിച്ചിരിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച പ്രൊപ്പോസലുകൾ കേന്ദ്ര ഗവൺമെന്റിന്റെ വിവിധ മന്ത്രാലയത്തിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

1. Centre for Excellence in Geomatics and Environment Management
2. Centre for Excellence in Inland Fisheries
3. Centre for Excellence in Life Sciences
4. Centre for Excellence in Taxonomy

കൂടുതൽ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും അനുകൂല നടപടി കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

(സി) മേല്പറഞ്ഞവയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ജിയോമാറ്റിക്സ് ആന്റ് എൻവയോൺമെന്റ് എന്ന പ്രൊപ്പോസൽ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *168 — 11.9.2007-ൽ മറുപടിക്ക്

## ക്വാറികൾക്കുള്ള ലൈസൻസ്

**ചോദ്യം**
ശ്രീ.എ.കെ.ചന്ദ്രൻ
ശ്രീ.രാജാജി മാത്യു തോമസ്
ശ്രീ.കെ.രാജു
ശ്രീ.പി.തിലോത്തമൻ
ശ്രീ.എൻ.അനിരുദ്ധൻ

**ഉത്തരം**
ശ്രീ.എളമരം കരീം
ബഹു.വ്യവസായ വകുപ്പ് മന്ത്രി

| ചോദ്യം | ഉത്തരം |
|---|---|
| (എ) കേരളത്തിൽ നിലവിൽ ലൈസൻസുള്ള എത്ര ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്; | (എ) കേരളത്തിൽ നിലവിൽ ആകെ 1145 കരിങ്കല്ല് ക്വാറി പെർമിറ്റുകളും 345 ക്വാറിയിങ് ലീസുകളും ഉണ്ട്. ഇവ കൂടാതെ 394 ചെങ്കൽ (വെട്ടുകല്ല്) ക്വാറി പെർമിറ്റുകളും സംസ്ഥാനത്ത് നിലവിലുണ്ട്. വിശദാംശം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

| | ജില്ല | കരിങ്കല്ല് ക്വാറികളുടെ എണ്ണം | | ചെങ്കല്ല് ക്വാറികളുടെ എണ്ണം | ആകെ |
|---|---|---|---|---|---|
| | | പെർമിറ്റ് | ലീസ് | | |
| 1 | തിരുവനന്തപുരം | 91 | 52 | 3 | 146 |
| 2 | കൊല്ലം | 67 | 13 | 7 | 87 |
| 3 | പത്തനംതിട്ട | 215 | 46 | 8 | 269 |
| 4 | കോട്ടയം | 80 | 24 | - | 104 |
| 5 | ആലപ്പുഴ | - | - | - | |
| 6 | ഇടുക്കി | 67 | 33 | - | 100 |
| 7 | എറണാകുളം | 117 | 64 | 2 | 183 |
| 8 | മലപ്പുറം | 131 | 20 | 105 | 256 |
| 9 | തൃശൂർ | 68 | 36 | 23 | 127 |
| 10 | പാലക്കാട് | 30 | 8 | 13 | 51 |
| 11 | കോഴിക്കോട് | 81 | 24 | 16 | 121 |
| 12 | വയനാട് | 51 | 5 | - | 56 |
| 13 | കണ്ണൂർ | 62 | 18 | 73 | 153 |
| 14 | കാസർഗോഡ് | 85 | 2 | 144 | 231 |
| | ആകെ | 1145 | 345 | 394 | 1884 |

| | |
|---|---|
| (ബി) ക്വാറികൾക്ക് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണ്; | (ബി) 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ നിബന്ധനകൾക്ക് വിധേയമായിട്ടാണ് കരിങ്കൽ ക്വാറികൾക്ക് അനുമതി നൽകുന്നത്. റവന്യൂ വകുപ്പിൽ നിന്നും ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയ ഖനന പ്രദേശത്തിന്റെ സർവ്വേ മാപ്പ്, ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖകൾ, അപേക്ഷാഫീസ് അടച്ചതിനുള്ള രേഖകൾ, സ്ഥലം പുറമ്പോക്ക് ആണെങ്കിൽ ബന്ധപ്പെട്ട റവന്യൂ അധികാരികൾ നൽകിയിട്ടുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. മൈനിങ് ആൻഡ് ജിയോളജി വകുപ്പിലെ ബന്ധപ്പെട്ട ജില്ലാ ജിയോളജിസ്റ്റ്/അസിസ്റ്റന്റ് ജിയോളജിസ്റ്റ് സ്ഥലം പരിശോധിച്ചശേഷം കരിങ്കൽ ക്വാറി ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ അതിരിൽ നിന്നും 75 മീറ്ററിനകത്ത് റെയിൽവേ ലൈനോ 50 മീറ്ററിനകത്ത് നാഷണൽ ഹൈവേ, റിസർവോയർ, കനാൽ, പാലങ്ങൾ, പൊതുസ്ഥാപനങ്ങൾ, വീടുകൾ എന്നിവ ഇല്ലെന്നും കരിങ്കല്ല് ക്വാറി ചെയ്യുന്നത് മൂലം മറ്റ് പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ല എന്നും ഉറപ്പ് വരുത്തിയതിന് ശേഷമാണ് ക്വാറികൾക്ക് ലൈസൻസ് നൽകുന്നത്. |
| (സി) ക്വാറികൾക്ക് ലൈസൻസ് നൽകുന്നതിന് പരിസ്ഥിതി ആഘാത നിർണ്ണയ പഠന റിപ്പോർട്ട് ആവശ്യമാണോ; ഇല്ലെങ്കിൽ ഇനി അനുവദിക്കുന്ന ലൈസൻസുകൾക്ക് ഇത് നിർബന്ധമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ അനുസരിച്ച് ക്വാറികൾക്ക് ലൈസൻസ് നൽകുന്നതിന് പരിസ്ഥിതി ആഘാത നിർണ്ണയ പഠന റിപ്പോർട്ട് നിർബന്ധമല്ല. എന്നിരുന്നാലും ചില പ്രത്യേക സാഹചര്യങ്ങളിൽ പരിസ്ഥിതി ആഘാത നിർണ്ണയ പഠന റിപ്പോർട്ട് ആവശ്യപ്പെടാറുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 169 11-09-2007 ൽ മറുപടിയ്ക്ക്.

## ടെക്നോപാർക്ക് വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീമതി.ജെ.അരുന്ധതി | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ടെക്നോപാർക്കിന്റെ വികസനത്തിനായി സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ, | (എ) ഐ.റ്റി.മേഖലയുടെ വികസനത്തിനായി കൂടുതൽ ഐ.ടി., ഐ.ടി.ഇ.എസ്. കമ്പനികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിനായി പല പദ്ധതികളും ടെക്നോപാർക്ക് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ടെക്നോപാർക്കിന്റെ മൂന്നാം ഘട്ട വികസനത്തിനായി 100 ഏക്കർ ഭൂമി ഏറ്റെടുക്കലിന്റെ അവസാനഘട്ടപ്രവർത്തനങ്ങളും പൂർത്തിയായിക്കൊണ്ടിരിക്കുന്നു. നാലാംഘട്ടവികസനമായ ടെക്നോസിറ്റി പദ്ധതിയ്ക്കുവേണ്ടിയുള്ള 507 ഏക്കർ ഭൂമിയിൽ 205 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള കരട് പ്രഖ്യാപനം പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഭൂവുടമകളുമായി ചർച്ചകൾ നടത്തി ബാക്കിയുള്ള 302 ഏക്കറിന്റെ സർവേ സംബന്ധിച്ച് ജോലികൾ ധൃതഗതിയിൽ പുരോഗമിച്ചു വരുന്നു. Information Technology, Bio Technology, Knowledge based industry തുടങ്ങിയ ഐ.റ്റി.മേഖലയിൽ വൻ വികസന സാദ്ധ്യതകളുള്ള പദ്ധതികളാണ് ടെക്നോസിറ്റി ലക്ഷ്യമാക്കുന്നത്. |

| | |
|---|---|
| (ബി) ടെക്നോപാർക്കിലെ 'തേജസ്വിനി' ബഹുനില മന്ദിരം പ്രവർത്തനമാരംഭിച്ചതോടുകൂടി എത്ര പുതിയ കമ്പനികൾ ഇവിടെ പ്രവർത്തനം ആരംഭിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) ടെക്നോപാർക്കിലെ 'തേജസ്വിനി' കെട്ടിടത്തിൽ 23 കമ്പനികൾ പ്രവർത്തനം തുടങ്ങാനുള്ള കരാർ ഒപ്പിട്ടുകഴിഞ്ഞു. ഇവയിൽ ഏഴ് കമ്പനികൾ പുതിയവ ആണ്. 4 കമ്പനികൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. |
| (സി) ടെക്നോപാർക്കിന് അനുബന്ധമായി ആരംഭിക്കുന്ന ടെക്നോസിറ്റി പാർക്കിന് എത്ര ഏക്കർ ഭൂമി ഇതിനകം ഏറ്റെടുത്തിട്ടുണ്ട്; ആകെ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നത്; | (സി)ടെക്നോപാർക്കിന്റെ നാലാംഘട്ടവികസനമായ ടെക്നോസിറ്റി പദ്ധതിയ്ക്കുവേണ്ടിആകെ 507 ഏക്കർ ഭൂമി ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ 205 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള കരട് പ്രഖ്യാപനം പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ള 302 ഏക്കറിന്റെ സർവേ സംബന്ധിച്ച് ജോലികൾ ധൃതഗതിയിൽ പുരോഗമിച്ചുവരുന്നു. |
| (ഡി) ഭൂമി ഏറ്റെടുക്കുന്ന നടപടി ത്വരിതപ്പെടുത്തുമോ ? | (ഡി) ഭൂമി ഏറ്റെടുക്കുന്ന നടപടി ത്വരിതപ്പെടുത്തുന്നതിനായി ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 170 — 11.09.2007 ൽ മറുപടിക്ക്

"പരമ്പരാഗത വ്യവസായങ്ങൾക്കുള്ള കേന്ദ്ര സഹായം"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. എ.എ. അസീസ് | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാരിൽ നിന്നും പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം സഹായ സഹകരണങ്ങൾ ലഭിക്കുന്നുണ്ട്; | (എ) പ്രധാന പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, ഖാദി, കശുവണ്ടി, കരകൗശലം, ഈറ, മുള എന്നീ മേഖലകൾക്ക് ലഭിക്കുന്ന കേന്ദ്ര സഹായങ്ങൾ താഴെ പറയും വിധമാണ്.<br><br>• കയർ<br><br>കയർ വ്യവസായ മേഖലയിൽ കേന്ദ്ര സർക്കാർ കയർ ബോർഡ് വഴി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>▪ Modernisation of extraction and processing of Coir fibre<br>▪ Development of Coir Machines<br>▪ Product development and diversification<br>▪ Extension service<br>▪ Training<br>▪ Quality Improvement<br>▪ Mahila Coir Yojana<br>▪ Welfare measures<br>▪ Domestic Market promotion<br>▪ Export Market Promotion |

- Trade Information service, Information Technology and strengthening of H.Q.
- Development of Production Infrastructure
- Economic Market Research
- Co-operativisation

കൂടാതെ 2005-06 - ൽ കേന്ദ്ര സർക്കാർ അനുവദിച്ച Production Enhancement Linked Coir Workers Welfare Scheme പ്രകാരം 5 കയർ വ്യവസായ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 130 ലക്ഷം രൂപ അനുവദിക്കുകയുമുണ്ടായി. പദ്ധതി പൂർത്തിയായി വരികയാണ്. കയർ മേഖലയുടെ സമഗ്ര വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ട 4 ക്ലസ്റ്ററുകൾ കേന്ദ്രാവിഷ്കൃത പദ്ധതിയായ SFURTI- യിൻ കീഴിൽ നടപ്പാക്കി വരുന്നു. ഈ പദ്ധതിയുടെ നിർവ്വഹണ ചെലവ് 100% കേന്ദ്ര സർക്കാർ ഗ്രാന്റായി നൽകും. CFC, Product Design and Development Centre- കളുടെ 75 % കേന്ദ്ര സർക്കാർ ഗ്രാന്റായും 25% Beneficiary Contribution ആയും വിഭാവനം ചെയ്തിരിക്കുന്നു. ആലപ്പുഴയിലെ കയർ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി IIUS പദ്ധതിയിൽ 52 കോടി രൂപയുടെ പദ്ധതി അംഗീകരിക്കുകയും 14 കോടി രൂപ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

- കൈത്തറി

കൈത്തറി വ്യവസായത്തിന്റെ സംരക്ഷണത്തിനായി വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സഹായ സഹകരണങ്ങൾ ലഭിക്കുന്നുണ്ട്. 2007-08 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ അനുബന്ധം I ൽ കാണാവുന്നതാണ്.

- ഖാദി

ഖാദി ഗ്രാമ വ്യവസായ മേഖലയിൽ ഗ്രാമ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ മാർജിൻ മണി പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് മാർജിൻ മണി ഗ്രാന്റ് അനുവദിച്ചു വരുന്നു. 11 കോടി രൂപ നടപ്പു വർഷം മാർജിൻ മണി ഗ്രാന്റിനത്തിൽ വകയിരുത്തി. ഖാദി വ്യവസായത്തിൽ പരമ്പരാഗത തൊഴിലാളികളെ യോജിപ്പിച്ച് ക്ലസ്റ്റർ രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നതിന് ഖാദി കമ്മീഷന്റെ SFRUTI പദ്ധതി പ്രകാരം ധനസഹായം ലഭിച്ചിട്ടുണ്ട്. 1 കോടി രൂപയാണ് പദ്ധതി തുക. ഖാദി വില്പന മെച്ചപ്പെടുത്തുന്നതിന് ഖാദി ചില്ലറ വില്പനയ്ക്ക് 20% വരെ റിബേറ്റ് നൽകി വരുന്നു. കൂടാതെ ഖാദി ഗ്രാമ വ്യവസായ ഉല്പന്നങ്ങളുടെ പ്രദർശന വിപണന മേളകൾക്കായി ധനസഹായം നൽകി വരുന്നുണ്ട്. ഉല്പന്ന വൈവിദ്ധ്യ വൽക്കരണം, പാക്കിംഗ്, ഡിസൈൻ എന്നിവയ്ക്കും പദ്ധതികളുണ്ട്.

- കശുവണ്ടി

കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിലേയ്ക്ക് കശുവണ്ടി വികസന കോർപ്പറേഷൻ വിവിധ പ്രോജക്ടുകൾ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളതും ഒരു ഡമോൺസ്ട്രേഷൻ പ്ളോട്ട് തയ്യാറാക്കുന്നതിന് ഡയറക്ടറേറ്റ് ഓഫ് കാഷ്യൂ & കൊക്കോ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 4.36 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതുമാണ്. കൂടാതെ കോർപ്പറേഷന്റെ അഭ്യർത്ഥന പരിഗണിച്ച് പുതുതായി കശുവണ്ടി വികസന കോർപ്പറേഷൻ ഉല്പാദിപ്പിക്കുന്ന മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ഇന്റർനാഷണൽ മാർക്കറ്റ് റിസർച്ചിന് 50 ലക്ഷം രൂപയും പബ്ളിസിറ്റിക്കും പ്രൊമോഷനുമായി 50 ലക്ഷം രൂപയും കേന്ദ്ര ഗവൺമെന്റ്

| | |
|---|---|
| | അനുവദിച്ചിട്ടുള്ളതുമാണ്.<br><br>• കരകൗശലം, ഈറ/മുള :<br>കരകൗശല മേഖലയുടെ സംരക്ഷണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും പ്രധാനമായും താഴെ പറയുന്ന സഹായ സഹകരണങ്ങൾ ലഭിക്കുന്നുണ്ട്.<br>1. കരകൗശല വിദഗ്ദ്ധർക്ക് ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യുന്നു.<br>2. കരകൗശല വിദഗ്ദ്ധർക്കു വേണ്ടി ജനശ്രീ ബീമാ യോജന<br>3. സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിംഗ്<br>4. കരകൗശല ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് ഡിസൈൻ വർക്ക്ഷോപ്പ്<br>5. കരകൗശല വിദഗ്ദ്ധർക്ക് നാഷണൽ അവാർഡ്<br>6. അംബേദ്കർ ഹസ്തയോജന<br>കരകൗശല മേഖലയുടെ ഉന്നമനത്തിനായി എക്സിബിഷൻ, ആധുനിക യന്ത്രോപകരണങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള പരിശീലന പരിപാടി, പുതിയ ഉല്പന്നങ്ങളുടെ, ഡിസൈനുകളുടെ നിർമ്മാണത്തിനു വേണ്ടി ഡിസൈൻ വർക്ക് ഷോപ്പ് തുടങ്ങി നിരവധി സഹായം നൽകുന്ന ഒരു ബൃഹത് പദ്ധതിയാണ് '**അംബേദ്കർ ഹസ്തശില്പ വികാസ് യോജന**'. കേരള സ്റ്റേറ്റ് കരകൗശല അപ്പക്സ് സൊസൈറ്റിയായ സുരഭിക്കും, കരകൗശല വികസന കോർപ്പറേഷനും ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്.<br>കരകൗശല മേഖലയിലെ വിദഗ്ദ്ധർക്ക് പ്രോത്സാഹനം എന്ന നിലയിൽ കേന്ദ്ര സർക്കാർ ദേശീയ അവാർഡുകൾ നൽകി വരുന്നുണ്ട്.<br>കരകൗശല മേഖലയിലുൾപ്പെട്ട ബാംബൂ ബോർഡ് ഫാക്ടറിയുടെ വൈവിദ്ധ്യവൽ |

| | |
|---|---|
| | ക്കരണ പ്രവർത്തനങ്ങൾക്കായി നാഷണൽ മിഷൻ ഓൺ ബാംബൂ ആപ്ളിക്കൻസി (N.M.B.A) യിൽ നിന്നും 248 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. N.M.B.A അങ്കമാലിയിലുള്ള കമ്മ്യൂണിററി മാററ് വീവിംഗ് സെന്റർ യന്ത്രവൽകൃതമാക്കുന്നതിനായി 8.41 ലക്ഷം രൂപയും 10 കമ്മ്യൂണിററി വീവിംഗ് സെന്റർ തുടങ്ങുന്നതിനായി 60 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ ബിൽഡിംഗ് മെററീരിയൽ ടെക്നോളജി പ്രൊമോഷൻ കൗൺസിൽ 9.07 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ ബാംബൂ വികസനത്തിനായി 151 ലക്ഷം രൂപയുടെ പദ്ധതി 11.06.2007 - ൽ 3-ാം സ്ററീയറിംഗ് കമ്മിററി അംഗീകരിക്കുകയുണ്ടായി. |
| (ബി) കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ഇതിനായി ആവശ്യപ്പെട്ടിട്ടുള്ള സഹായ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) കേന്ദ്ര സർക്കാരിന് ഓരോ മേഖലയിലും സമർപ്പിച്ചിട്ടുള്ള പദ്ധതികൾ താഴെ പറയും വിധമാണ്.<br>• കയർ<br>2007-08 വർഷത്തിൽ മഹിളാ കയർ യോജനാ പദ്ധതി നടപ്പിലാക്കാൻ കേന്ദ്ര വിഹിതമായി 200.64 ലക്ഷം രൂപ അനുവദിക്കാനും 50% കേന്ദ്ര വിഹിതത്തോടെ നടപ്പാക്കുന്ന MDA പദ്ധതിയിൽ 2007-08 വർഷത്തേയ്ക്കുള്ള വിഹിതമായി 155.5 ലക്ഷം രൂപയും മുൻവർഷങ്ങളിലെ കുടിശ്ശിക വിഹിതമായി 82.18 ലക്ഷം രൂപയും അനുവദിക്കാനും കയർബോർഡിനു അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കയർ മേഖലയ്ക്ക് പരമാവധി കേന്ദ്ര സഹായം ലഭിക്കുന്നതിനായി താഴെ പറയുന്ന വിഷയങ്ങളിലുള്ള 3 നിവേദനങ്ങൾ സമർപ്പിച്ചി ട്ടുണ്ട്.<br>1. Reintroduction of 20% Rebate for coir Products<br>2. Relaxation on the guidelines of MDA |

3. Reintroduction of Purchase Price Enforcement Scheme (PPES) and Minimum Export Price (MEP)
4. External Market Assistance (EMA) to Coir and Coir Products
5. Duty Entitlement Pass Book (DEPB) Scheme

കേരളത്തിലെ കയർ മേഖലയിൽ കയർ ബോർഡു വഴി നടത്തി വരുന്ന പല സ്കീമുകളും IIUS അടക്കമുള്ളവ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്ക് പ്രായോഗികമായി അനുഗുണമല്ലാത്തതിനാൽ അവ പുന: പരിശോധിക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

- കൈത്തറി

കേന്ദ്ര സഹായം ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. തനിമ പദ്ധതി
2. കൃതിക പദ്ധതി
3. പ്രതിഭ പദ്ധതി
4. ടൗൺ ഓഫ് എക്സ്പോർട്ട് എക്സലൻസ് ഫോർ ഹാന്റ്ലൂം
5. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി സെന്റർ, കണ്ണൂർ
6. ഹാന്റക്സിന്റെ പുന:രുദ്ധാരണം
7. തിരുവനന്തപുരം ക്ലസ്റ്റർ
8. വടകര ക്ലസ്റ്റർ, പയ്യന്നൂർ ക്ലസ്റ്റർ, ചേന്ദമംഗലം ക്ലസ്റ്റർ, കുത്താമ്പുള്ളി ക്ലസ്റ്റർ

- ഖാദി

ഖാദി വ്യവസായ മേഖലയിൽ "കുപ്പടം എന്ന പേരിൽ 1372 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| | • കശുവണ്ടി<br>കശുവണ്ടി വികസന കോർപ്പറേഷൻ കശുമാവ് കൃഷിക്ക് 120.09 കോടി രൂപ ചെലവ് വരുന്ന ഒരു പ്രൊപ്പോസലും കശുവണ്ടി വ്യവസായത്തിന്റെ പശ്ചാത്തല വികസനത്തിനും, കശുമാവ് കൃഷി വിപുലീകരിക്കുന്നതിനുമായി 250 കോടി രൂപയ്ക്കുള്ള ഒരു പ്രൊപ്പോസലും കേന്ദ്ര ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്.<br>• കരകൗശലം, ഈറ,/മുള<br>അംബേദ്കർ ഹസ്ത ശില്പ വികാസ് യോജന പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് കരകൗശല അപ്പക്സ് സൊസൈററിയായ സുരഭിയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചിട്ടുള്ള 3 ക്ളസ്ററുകളുടെ ഉന്നമനത്തിനായി സംസ്ഥാനത്തിനകത്തും പുറത്തും എക്സിബിഷനുകൾ, ട്രെയിനിംഗ് പ്രോഗ്രാം, ഡിസൈൻ വർക്ക്ഷോപ്പ് എന്നീ പദ്ധതികൾക്കായി സുരഭി ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ട്.<br>കേരള കരകൗശല വികസന കോർപ്പറേഷൻ താഴെ പറയുന്ന പദ്ധതികൾ കേന്ദ്ര കരകൗശല കമ്മീഷണറേററിൽ നേരിട്ട് സമർപ്പിച്ചിരിക്കുകയാണ്.<br>1. കരകൗശല പ്രദർശനം സംഘടിപ്പിക്കാനുള്ള പദ്ധതി<br>2. കൈരളി വില്പന ശാലയുടെ നവീകരിക്കൽ<br>3. മെഗാ ഷോറൂം പണികഴിപ്പിക്കൽ<br>4. പരസ്യങ്ങൾ നൽകുന്നതിനുള്ള പദ്ധതി<br>5. കരകൗശല മേഖലയുടെ പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കുന്ന റിസർച്ച് പദ്ധതി<br>6. പുനരുദ്ധാരണ പദ്ധതി<br>7. ഡിസൈൻ വർക്ക്ഷോപ്പ് സംഘടിപ്പിക്കുക. |

8. ട്രെയിനിംഗ് നടത്താനുള്ള പദ്ധതി
9. ലോകോത്തര നിലവാരമുള്ള കാററലോഗ് തയ്യാറാക്കാനുള്ള പദ്ധതി
10. അംബേദ്കര്‍ ഹസ്ത ശില്പ വികാസ് യോജനയിന്‍ കീഴില്‍ ചില പ്രദേശങ്ങളെക്കൂടി ഉള്‍പ്പെടുത്താനുള്ള പദ്ധതി
11. അന്താരാഷ്ട്ര പ്രദര്‍ശന മേളയില്‍ പങ്കെടുക്കാനുള്ള പദ്ധതി
12. പുതിയ ഉല്പന്നങ്ങളുടെ വികസനം
13. ഈ - കോമേഴ്സ് നടപ്പിലാക്കുക.
14. തനതായ ബ്രാന്റ് വികസിപ്പിക്കാനും പബ്ളിസിററിക്കുമുള്ള പദ്ധതി

സംസ്ഥാന ബാംബൂ കോര്‍പ്പറേഷന്റെ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവല്ക്കരണത്തിനായി ഇന്‍ഡ്യന്‍ പ്ളൈവുഡ് റിസര്‍ച്ച് ട്രെയിനിംഗ് ഇന്‍സ്ററിററ്യൂട്ട് (ഇപ്രിററി) വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ ഉപയോഗിച്ച് 'ബാംബൂ മാററ് മൗള്‍ഡഡ് സ്കിന്‍ ബോര്‍ഡ്' നിര്‍മ്മിക്കുന്നതിനുവേണ്ട സാമ്പത്തിക സഹായത്തിനു വേണ്ടിയുള്ള പ്രോജക്ട് റിപ്പോര്‍ട്ട്, മിനിസ്ട്രി ഓഫ് എന്‍വയോണ്‍മെന്റ് ആന്റ് ഫോറസ്ററില്‍ സമര്‍പ്പിച്ചിട്ടുണ്ട്.

സെക്ഷന്‍ ഓഫീസര്‍

## അനുബന്ധം I



**ദീനദയാൽ ഹാത്ത്കർഗാ പ്രോത്സാഹൻ യോജന**

50% കേന്ദ്ര വിഹിതമുള്ള ഈ പദ്ധതി പ്രകാരം കൈത്തറി സ്ഥാപനങ്ങൾക്ക് വിപണന പ്രചോദനവും മറ്റുതരത്തിലുള്ള സഹായവും ലഭ്യമാകുന്നു. വിപണന പ്രചോദന പദ്ധതിയനുസരിച്ച് ഓരോ വർഷവും പിന്നിട്ട 3 വർഷങ്ങളിലെ ശരാശരി വാർഷിക വില്പനയുടെ ഒരു നിശ്ചിത ശതമാന നിരക്കിൽ ഹാൻവീവിനും അപ്പക്സ് സംഘത്തിനും പ്രാഥമിക നെയ്ത്ത് സഹകരണ സംഘങ്ങൾക്കും ധനസഹായം നൽകുന്നു. പത്താം പദ്ധതിയുടെ അവസാനത്തോടെ പദ്ധതി നിന്നുപോകുവാൻ സാധ്യതയുള്ളതിനാൽ കുടിശ്ശികയായുള്ള അപേക്ഷകൾ കൊടുത്തു തീർക്കുന്നതിനായി 1500 ലക്ഷം രൂപ സംസ്ഥാന വിഹിതം വഴി 2007-08-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2. **കയറ്റുമതി ഉത്പന്ന വികസന വിപണന പദ്ധതി**

25% സംസ്ഥാന വിഹിതമുള്ള ഈ പദ്ധതി പ്രകാരം കയറ്റുമതി ഉത്പന്നങ്ങളുടെ വികസനത്തിനും വിപണനത്തിനും ഭാരത സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഗ്രാന്റ് നൽകുന്നു. പ്രോജക്ട് തുകയുടെ 25% ഗുണഭോക്താക്കളായ സഹകരണ സംഘങ്ങൾക്ക് സംസ്ഥാന സർക്കാരും 75% ഭാരത സർക്കാരും താഴെപ്പറയുന്നവയുടെ നടത്തിപ്പിന് നൽകുന്നു.

1) ഉത്പന്ന വികസനം
2) വാണിജ്യ മുദ്ര വികസനം
3) അന്താരാഷ്ട്ര വാണിജ്യപരിപാടികളിലെ പങ്കാളിത്തം
4) ഗുണനിലവാര പരിശോധനശാലകൾ സ്ഥാപിക്കൽ
5) മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കൽ

3. **അംശദായ സമ്പാദ്യ പദ്ധതി**

50% സംസ്ഥാന ഓഹരിയുള്ള ഈ പദ്ധതി വരിക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടേയും ചികിത്സാച്ചെലവുകൾ, വിവാഹച്ചെലവുകൾ, കുട്ടികളുടെ വിദ്യാഭ്യാസച്ചെലവുകൾ, വീട്ടിലുള്ള സ്ഥലം വാങ്ങൽ, വീടിന്റെ നിർമ്മാണം, റിപ്പയർ മുതലായവയ്ക്ക് സഹായം നൽകുവാനുദ്ദേശിച്ചിട്ടുള്ള പദ്ധതിയാണ്. 2007-08 വർഷത്തിൽ മൊത്തം 60 ലക്ഷം രൂപയാണ് പദ്ധതി വിഹിതം.

4. **ഭവനങ്ങളോട് ചേർന്ന് പണിശാലകളുടെ നിർമ്മാണം.**

100% കേന്ദ്രസഹായ പദ്ധതിയായ ഈ പദ്ധതിപ്രകാരം സഹകരണ സംഘങ്ങളിലെ നെയ്ത്തുകാർക്ക് പണിശാലകളോ/ഭവനങ്ങളോട് ചേർന്ന് പണിശാലകളോ നിർമ്മിക്കുന്നതിനുള്ള സഹായം നൽകുന്നു. ഈ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശപ്രകാരം ആവശ്യമായ ഫണ്ട് കേന്ദ്ര ഗവൺമെന്റ്. [illegible]

250 ലക്ഷം രൂപ ഇതിനായി വകകൊള്ളിച്ചിട്ടുണ്ട്.

5. **<u>എൻഫോഴ്സ്മെന്റ് മെഷിനറി ( 100%)</u>**

കൈത്തറി സംവരണ നിയമം നടപ്പാക്കുന്നതിനായിട്ടുള്ള എൻഫോഴ്സ്മെന്റ് സംവിധാനത്തിന്റെ പ്രവർത്തന ചെലവുകൾ വഹിക്കുന്നതിനാണ് വിഹിതം. ബഡ്ജറ്റിൽ 2007-08 വർഷത്തിലെ പ്രതീക്ഷിക്കുന്ന കേന്ദ്ര സഹായമായി 30 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു.

6. യന്ത്രത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (50% സംസ്ഥാന വിഹിതം)

യന്ത്രത്തറി മേഖലയിലെ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായുള്ള 50% കേന്ദ്രസഹായ പദ്ധതിയാണിത്. വാർഷിക പ്രീമിയമായ 120 രൂപ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും തൊഴിലാളികളും തുല്യമായി (40 രൂപാ വീതം) വഹിക്കുന്നു.

കൂടാതെ അധിക കേന്ദ്രസഹായ പദ്ധതിയിൽ (എ.സി.എ പദ്ധതി) ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്ഥാപിക്കൽ, സാങ്കേതിക വിദ്യാ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നീ പദ്ധതികളും 2007-08-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ എസ്.ജി.എസ്.വൈ പദ്ധതി പ്രകാരം കണ്ണൂരിലെ 3000 നെയ്ത്തുകാർക്കുവേണ്ടി 11.38 കോടിരൂപയുടെ കൃതിക പദ്ധതിയും തിരുവനന്തപുരം ജില്ലയിലെ 4000 നെയ്ത്തുകാർക്കുവേണ്ടി 15.76 കോടി രൂപയുടെ തനിമ പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

7. **<u>കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി 50% സംസ്ഥാന ഓഹരി</u>**

പുതിയ ഇൻഷ്വറൻസ് പദ്ധതിയായ ബങ്കർ ബീമായോജന പദ്ധതി പ്രകാരം ഓരോ നെയ്ത്തുകാരന്റേയും മൊത്തം പ്രീമിയം തുകയായ 330 രൂപയിൽ 100 രൂപ എൽ.ഐ.സി. വഹിക്കുന്നതാണ്. 150 രൂപ കേന്ദ്ര സർക്കാർ എൽ.ഐ.സി യ്ക്ക് നേരിട്ട് നൽകുന്നതാണ്. ബാക്കി വരുന്ന നെയ്ത്തുകാരന്റെ വിഹിതമായ 80 രൂപ സംസ്ഥാന സർക്കാർ വഹിക്കുന്നതിന് 2007-08 വർഷത്തെ ബഡ്ജറ്റിൽ 12 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 171          11.09.07-ൽ മറുപടിക്ക്

വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ.എം.യൂസഫ്<br>ശ്രീ. സി.എം.ദിനേശ് മണി<br>ശ്രീ. എം.ജെ.ജേക്കബ്<br>ശ്രീ. എം.എം.മോനായി<br>ശ്രീ. സാജുപോൾ | | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>മുഖ്യമന്ത്രി |
| എ) | വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ; | (എ)വല്ലാർപാടം പദ്ധതിയുടെ BOT ഓപ്പറേറ്റർമാരായ ഇൻഡ്യാ ഗേറ്റ്‌വേ ടെർമിനൽ (IGT) എന്ന സ്ഥാപനം പദ്ധതി പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ വിവിധ പഠനങ്ങളും പരിശോധനകളും പൂർത്തീകരിച്ചു കഴിഞ്ഞു. പദ്ധതിക്കായുള്ള പാരിസ്ഥിതികാനുമതിയും പദ്ധതി പ്രദേശത്തെ പ്രത്യേക സാമ്പത്തിക മേഖലാ പദവിയും ലഭ്യമായി. പദ്ധതി നിർമ്മാണത്തിനു മുന്നോടിയായിട്ടുള്ള Geo Technical Investigation -ഉം Pile load Testing -ഉം പൂർത്തിയാക്കി. ആവശ്യമായ ചെളി നികത്തി എടുക്കുന്ന പ്രവർത്തനവും പൂർത്തീകരിച്ചു. ടെർമിനൽ നിർമ്മാണത്തിനായി ക്ഷണിച്ച ദർഘാസുകൾ IGT - ക്ക് ലഭിച്ചുകഴിഞ്ഞു. നിർമ്മാണ പ്രവർത്തനം 2007 നവംബർ മാസത്തിൽ ആരംഭിക്കാനാകും എന്നാണ് IGT അറിയിച്ചിരിക്കുന്നത്. |
| (ബി) | പദ്ധതിയുടെ ഭാഗമായി റോഡ്, റെയിൽവേ ലൈൻ എന്നിവ നിർമ്മിക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ; | (ബി) പദ്ധതിപ്രദേശത്തെ നിലവിലുള്ള റെയിൽവേ ലൈനുമായി ബന്ധിപ്പിക്കുന്നതിനുള്ള റെയിൽപാതയുടെ നിർമ്മാണം റെയിൽ വികാസ് നിഗം ലിമിറ്റഡ് ആരംഭിച്ചു കഴിഞ്ഞു. റെയിൽപാത നിർമ്മാണം നിശ്ചയിച്ച ഷെഡ്യൂൾ പ്രകാരം പുരോഗമിച്ചു വരുന്നു. റെയിൽ വികാസ് നിഗം ലിമിറ്റഡ് നടപ്പിലാക്കുന്ന റെയിൽപ്പാത നിർമ്മാണത്തിന്റെ കരാർ M/s AFCONS INFRASTRUCTURE LTD -ന് നൽകി. അവർ 23.03.07 -ൽ നിർമ്മാണമാരംഭിച്ചു. 2009 മാർച്ച് 31 -ന് റെയിൽപാത നിർമ്മാണം പൂർത്തിയാക്കാനാവും എന്നു പ്രതീക്ഷിക്കുന്നു. പദ്ധതിപ്രദേശത്തെ NH 47 മായി ബന്ധിപ്പിക്കുന്ന 4 വരി പാതയുടെ നിർമ്മാണം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ (NHAI) ആണ് നടപ്പിലാക്കുന്നത്. അതിന്റെ നിർമ്മാണം 2007 ജൂലൈ 31 -ന് ആരംഭിച്ചു. |

| | | |
|---|---|---|
| | | 30 മാസത്തിനുള്ളിലാണ് നിർമ്മാണം പൂർത്തീകരിക്കേണ്ടത്. കരാർ പ്രകാരം നിർമ്മാണ പ്രവർത്തനം നേരത്തെ പൂർത്തിയാക്കിയാൽ (പരമാവധി 3 മാസം) ബോണസ് നൽകുന്നതാണ്. ഇതിന് 557.17 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. Chainage 8.3 കിലോമീറ്റർ മുതൽ 15 കിലോമീറ്റർ വരെയുള്ള റോഡിന്റെ embankment നിർമ്മിക്കുന്ന ജോലി കൊച്ചിൻ തുറമുഖ ട്രസ്റ്റ് ഒരു ഡിപ്പോസിറ്റ് വർക്ക് ആയി നടപ്പാക്കി വരുന്നു. ഈ ജോലി 25/01/07 ൽ തുടങ്ങി, പുരോഗമിച്ചു വരുന്നു. റോഡുകളും പാലങ്ങളും നിർമ്മിക്കുന്ന ജോലിയുടെ കോൺട്രാക്ട് M/s.Suncon Soma Joint Venture, New Delhi എന്ന കമ്പനിക്കാണ് നൽകിയിരിക്കുന്നത്. |
| (സി) | ഇവയുടെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ; | (സി) ഇല്ല; എങ്കിലും ഭൂമി പൊന്നും വിലക്കെടുക്കുന്ന പ്രവർത്തി പുരോഗമിച്ചു വരുന്നു. റെയിൽ പാത ഉൾപ്പെടുന്ന 4 വില്ലേജുകളിലെയും സ്ഥലവില നിർണ്ണയം പൂർത്തിയായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടി പുരോഗമിച്ചുവരുന്നു. റോഡ് കണക്ടിവിറ്റിക്കായുള്ള നാലുവരി പാത ഉൾപ്പെടുന്ന 7 വില്ലേജുകളിൽ, 2 വില്ലേജിലെ സ്ഥലം മുഴുവൻ ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറി കഴിഞ്ഞു. ഏലൂർ ഒഴികെ മറ്റ് 4 വില്ലേജുകളിലെ 80% സ്ഥലവും ഏറ്റെടുത്ത് കൈമാറി നൽകികഴിഞ്ഞു. ഉദ്ദേശം 20 ഹെക്ടറോളം സ്ഥലം 4 വരി പാത നിർമ്മാണത്തിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യക്ക് കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ധൃതഗതിയിൽ പുരോഗമിച്ചു വരുന്നു. |
| (ഡി) | പദ്ധതിയുടെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് അറിയിക്കുമോ? | (ഡി) 2009 നവംബർ മാസത്തോടെ വല്ലാർപ്പാടം ടെർമിനലിൽ ഓപ്പറേഷൻ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 172

11.09.2007 ൽ മറുപടിക്ക്

## ഗ്രോത്ത്പോൾ വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് :<br>ശ്രീ. കെ. രാജു :<br>ശ്രീമതി. ഇ.എസ്. ബിജി മോൾ :<br>ശ്രീ. പി. തിലോത്തമൻ : | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സഹായത്തോടു കൂടി നടപ്പിലാക്കുന്ന 'ഗ്രോത്ത്പോൾ വികസന പദ്ധതി' സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ ; ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (എ) അസംഘടിത മേഖലയിലെ വ്യവസായങ്ങളുടെ ഉത്പാദനശേഷി വർദ്ധിപ്പിക്കുവാനും അതു വഴി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കു--ന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള 'ഗ്രോത്ത് പോൾ വികസന പദ്ധതി' -യുടെ സമഗ്ര പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം ജില്ലകളാണ് ഈ പദ്ധതിക്കുവേണ്ടി തെരഞ്ഞെടു--ത്തിട്ടുള്ളത് ; | (ബി) കൊല്ലം ജില്ലയാണ് പ്രസ്തുത വികസന പദ്ധതിയ്ക്കു വേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത്. |
| (സി) ഈ പദ്ധതിക്കായി കേന്ദ്രത്തിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ ; പ്രാരംഭമായി എത്ര തുക നൽകി ; ഈ തുക ഏതെല്ലാം കാര്യങ്ങൾ--ക്കായി വിനിയോഗിച്ചുവെന്ന് വെളിപ്പെടുത്തുമോ ; | (സി) ഉണ്ട്. ഗ്രോത്ത് പോൾ പദ്ധതിയുടെ സമഗ്ര പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാർ അനുവദിച്ച 78.85 ലക്ഷം രൂപയിൽ ആദ്യ ഗഡുവായി 23.65 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക സമഗ്ര പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടിയാണ് വിനിയോഗിച്ചിട്ടുള്ളത്. |
| (ഡി ഈ പദ്ധതി എത്ര കാലം കൊണ്ട് നടപ്പിലാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | (ഡി) ഏകദേശം 5 വർഷം കൊണ്ട് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

Valsel.
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 173 — 11.9.2007-ൽ മറുപടിക്ക്

## കൈത്തറി മേഖലയിലെ റിബേറ്റ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബാബു. എം. പാലിശ്ശേരി<br>ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീമതി. പി. അയിഷാ പോറ്റി. | ശ്രീ എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കൈത്തറി മേഖലയിൽ റിബേറ്റ് തട്ടിപ്പിനായി വ്യാജ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയ്ക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ 2006 കാലയളവിലെ റിബേറ്റ് വിൽപ്പനയിൽ ക്രമാതീതമായ ഉല്പാദനവും അവിശ്വസനീയമായ വില്പനയും ഉണ്ടെന്ന് തോന്നിയ 132 കൈത്തറി സംഘങ്ങളുടെ മേൽ അടിയന്തിര പരിശോധന നടത്തി റിപ്പോർട്ട് നൽകാൻ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ജനറൽ മാനേജർ നൽകിയ റിപ്പോർട്ടിൽ അത്തരത്തിലുള്ള ക്രമക്കേടുകൾ നടന്നിട്ടില്ലായെന്നാണ് റിപ്പോർട്ട് ചെയ്യുന്നത്. ആയതിനാൽ കൈത്തറി ഡയറക്ടറുടെ തലത്തിൽ തന്നെ ഇക്കാര്യത്തിൽ അന്വേഷണം നടത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) റിബേറ്റ് കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ റിബേറ്റ് അനുവദിക്കുന്നതിനായി ഉൾക്കൊള്ളിച്ചിരുന്ന 400 ലക്ഷം രൂപ താഴെപ്പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.<br>ഹാൻടെക്സ് -178.83 ലക്ഷം<br>ഹാൻവീവ് - 158.06 ലക്ഷം<br>പ്രാഥമിക സംഘങ്ങൾ<br>(തിരുവനന്തപുരം ജില്ല)- 63.10 ലക്ഷം<br>ഇതു കൂടാതെ 200 ലക്ഷം രൂപ കൂടി റിബേറ്റ് കുടിശ്ശിക തീർക്കുന്നതിലേക്കായി സർക്കാർ അധികമായി അനുവദിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് ഹാൻടെക്സിന്റെ 2006-07 വരെയുള്ള റിബേറ്റ് കുടിശ്ശിക തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) റിബേറ്റ് ഇനത്തിൽ കേന്ദ്രസർക്കാർ എന്തു തുക നൽകാനുണ്ടെന്ന് അറിയിക്കുമോ; | സി) 68.14 ലക്ഷം രൂപയുടെ അപേക്ഷ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) റിബേറ്റ് വെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്? | ഡി) തിരുവനന്തപുരം ജില്ലയിലെ പുത്തരിക്കണ്ടം മൈതാനത്തെ ഓണക്കാലത്തെ വിൽപ്പനയിൽ പങ്കെടുത്ത സംഘങ്ങളുടെ ദിവസ വിൽപ്പന നിരീക്ഷിക്കുവാൻ ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും പ്രത്യേക സംഘത്തെ നിയോഗിച്ചിരുന്നു. കൂടാതെ സംഘങ്ങളുടെ സ്റ്റോക്ക് പരിശോധനയിൽ ബന്ധപ്പെട്ട ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തുന്നതിന് മുമ്പായി സംഘത്തിന്റെ പ്രവർത്തന ക്ഷമമായ തറികൾ, വാങ്ങിയ നൂൽ, മറ്റ് അസംസ്കൃത വസ്തുക്കൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന നിർദ്ദേശം ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും നൽകിയിട്ടുണ്ട്. ഇതിനു പുറമെ കൈത്തറി ഡയറക്ടർ നേരിട്ടും വകുപ്പിലെ ഉദ്യോഗസ്ഥർ മുഖാന്തിരവും പരിശോധന നടത്തിയിരുന്നു. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 174

11.09.2007 ൽ മറുപടിക്ക്

## പ്രത്യേക സാമ്പത്തിക മേഖലകൾ

**ചോദ്യം**

ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. ബാബു പോൾ :
ശ്രീമതി. ഇ.എസ്. ബിജി മോൾ :

**ഉത്തരം**

ശ്രീ.എളമരം കരീം
(വ്യവസായ വകുപ്പ് മന്ത്രി)

(എ) കേരളത്തിൽ എത്ര പ്രത്യേക സാമ്പത്തിക മേഖലകൾ സ്ഥാപിക്കുവാൻ വ്യവസായ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(എ) ആവശ്യത്തിനനുസരിച്ച് പ്രത്യേക സാമ്പത്തിക മേഖലകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഇതിനായി എത്ര ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) കണക്കാക്കിയിട്ടില്ല.

(സി) സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂമിയുടെ ഗുണമേന്മ, പാരിസ്ഥിതിക സവിശേഷ--തകൾ എന്നിവ സംരക്ഷിക്കുന്നതിന് എന്ത് മാനദണ്ഡങ്ങളും മുൻകരുത--ലുകളുമാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(സി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നിലവിലുള്ള എല്ലാ നിയമങ്ങ--ളും മാനദണ്ഡങ്ങളും പാലിച്ച ശേഷം മാത്രമേ സ്ഥലം ഏറ്റെടുക്കുകയുള്ളു.

V.[signature]
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 175

11.9.2007 ൽ
മറുപടിയ്ക്ക്

## അന്യസംസ്ഥാനക്കാർ നടത്തുന്ന ഹോട്ടലുകളിലെ വിലനിയന്ത്രണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം.എ. വാഹിദ് ;<br>ശ്രീ. ജി. കാർത്തികേയൻ ;<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ; | | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) | അന്യസംസ്ഥാനത്തുള്ളവർ കേരളത്തിൽ ഹോട്ടലുകൾ നടത്തുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പ്രസ്തുത ഹോട്ടലുകളിൽ വില്ക്കപ്പെടുന്ന ഭക്ഷണ സാധനങ്ങൾക്ക് വില നിശ്ചയിക്കുന്നതിനുള്ള അവകാശം ആർക്കാണ് ; | ബി) | പ്രസ്തുത ഹോട്ടലുടമകളാണ് ടി ഹോട്ടലിൽ വില്ക്കപ്പെടുന്ന സാധനങ്ങൾക്ക് വില നിശ്ചയിക്കുന്നത്. |
| സി) | അന്യായമായ വില ഈടാക്കുന്ന ഇത്തരം ഹോട്ടലുകളിലെ വില നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ; | സി) | ഭക്ഷണ സാധനങ്ങളുടെ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടപ്പോൾ മുഖ്യമന്ത്രിയും ഭക്ഷ്യ വകുപ്പു മന്ത്രിയും ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ പ്രതിനിധികളെയും വ്യാപാരി വ്യവസായി പ്രതിനിധികളെയും വിളിച്ചുകൂട്ടി വില നിയന്ത്രിക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്യുകയും, വില കുറയ്ക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങൾക്ക് അമിതവില ഈടാക്കുന്നുവെന്ന പരാതികൾ ലഭിച്ചാൽ ഹോട്ടലുടമകളുടെയും ഹോട്ടൽ അസ്സോസിയേഷൻ ഭാരവാഹികളുടെയും യോഗം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിളിച്ച് ചേർത്ത് സമവായത്തിലൂടെ വില നിയന്ത്രിക്കാറുണ്ട്. |
| ഡി) | തിരുവനന്തപുരത്തു പ്രവർത്തിക്കുന്നതും തമിഴ്നാട്ടുകാർ നടത്തുന്നതുമായ വെജിറ്റേറിയൻ ഹോട്ടലുകളിൽ കൂടെക്കൂടെ വില വർദ്ധിപ്പിക്കുന്നതും ഓരോ ഹോട്ടലിനും അവർക്കിഷ്ട-മുള്ളതുപോലെ ഭക്ഷണ സാധനങ്ങൾക്ക് വില ഈടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഡി) | തിരുവനന്തപുരത്ത് തമിഴ്നാട്ടുകാർ നടത്തുന്ന ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ, അവർക്കിഷ്ടമുള്ളതുപോലെ കൂടെക്കൂടെ വില വർദ്ധിപ്പിക്കു-ന്നതായി പരാതികൾ ലഭിച്ചിട്ടില്ല. |

ഇ) ഭക്ഷണ സാധനങ്ങളുടെ അളവ്, വില എന്നിവ കൃത്യമായി പ്രദർശിപ്പിക്കുന്നതിനും ഹോട്ടലുകളുടെ സ്റ്റാൻഡേർഡു തിരിച്ച് വില നിശ്ചയിച്ചു നൽകുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ഇ) ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ആഫീസർമാർ/താലൂക്ക് സപ്ലൈ ആഫീസർമാർ എന്നിവർ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഹോട്ടലുകളിൽ റെയ്ഡുകൾ നടത്തുമ്പോൾ, വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്തവർക്കെതിരെ 1977 ലെ മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ് ആന്റ് ഡിസ്പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്ക്സ് ഓർഡർ, 1977 ലെ കേരള ഫുഡ്സ്റ്റഫ്സ് ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ് ഓർഡർ എന്നിവ പ്രകാരവും കൃത്യമായ അളവിൽ ഭക്ഷണ സാധനങ്ങൾ നല്കാത്തവർക്കെതിരെയും നടപടി സ്വീകരിക്കാറുണ്ട്. ഹോട്ടലുകളുടെ സ്റ്റാൻഡേർഡു തിരിച്ച് വില നിശ്ചയിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 176

11.9.2007-ൽ മറുപടിക്ക്

## പറമ്പിക്കുളം-ആളിയാർ കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. എം. ഹംസ :<br>ശ്രീ.ടി. പി.കുഞ്ഞുണ്ണി :<br>ശ്രീമതി കെ. എസ്. സലീഖ : | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നത് സംബന്ധിച്ച് നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;<br><br>(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ & ബി) പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പുനരവലോകനം സംബന്ധിച്ച നടപടികൾ 1998 മുതൽക്കേ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥ തലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രിതലത്തിലും അനേക തവണ പുനരവലോകന ചർച്ചകൾ നടത്തിയിട്ടുണ്ട്. എന്നാൽ ഈ ചർച്ചകളിൽ കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുന്നതു സംബന്ധിച്ച് തമിഴ്നാടിനും കേരളത്തിനും അഭിപ്രായ സമന്വയത്തിലെത്തിച്ചേരാൻ സാധിക്കാത്തതിനാൽ പുനരവലോകന ചർച്ചകൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. പറമ്പിക്കുളം ആളിയാർ, മുല്ലപ്പെരിയാർ തുടങ്ങിയ വിഷയങ്ങളിൽ കേരളവും തമിഴ്നാടും തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ ചർച്ചയിലൂടെ പരിഹരിക്കാൻ കേരള സർക്കാരിനുള്ള താൽപര്യം കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയെ 3.10.06 -ൽ അറിയിച്ചിട്ടുണ്ട്. |
| (സി) കാലാവധി കഴിഞ്ഞ കരാറിന്റെ നിയമസാധ്യത സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ; | (സി)പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. എന്നാൽ 30 വർഷം കൂടുമ്പോൾ കരാർ പുനരവലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്. |

(vii) കരാർ പുതുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

(vii) കരാർ പുനരവലോകനം സംബന്ധിച്ച് തമിഴ്നാടുമായി ചർച്ച നടത്തുവാനുള്ള കേരളത്തിന്റെ സന്നദ്ധത കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയെ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 177 - 11.9.2007 - ൽ മറുപടിക്ക്**

### പെൻഷൻ പ്രായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.. ശിവദാസൻ നായർ | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>മുഖ്യമന്ത്രി |
| (എ) ഹൈക്കോടതി ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തികൊണ്ടുള്ള ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഉണ്ട് |
| (ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നയം എന്താണ് ; | ഹൈക്കോടതി ഉൾപ്പെടെയുള്ള സംസ്ഥാന ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുകയെന്നത് സർക്കാരിന്റെ നയമല്ല. ഹൈക്കോടതി ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ച ഹൈക്കോടതി വിധി പഠിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതിനുവേണ്ടി പരിശോധിച്ച് വരുന്നു. |
| (സി) മുഴുവൻ സംസ്ഥാന ജീവനക്കാർക്കും ഈ വിധി ബാധകമാക്കുമോ ? | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

ആറാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നംപർ 178 | 11-9-2007ൽ മറുപടിക്ക് |

## പശുഗ്രാമം, മിൽക്ക് ഷെഡ് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. കെ. ലതിക<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ.കെ.സി. കുഞ്ഞിരാമൻ<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി<br>ശ്രീ.എസ്. രാജേന്ദ്രൻ | ശ്രീ.സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണ വും വകുപ്പ് മന്ത്രി) |
| (എ) പശു ഗ്രാമം പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) കേരളത്തിലെ കന്നുകാലികളുടെ സംഖ്യ വർഷങ്ങളായി കുറഞ്ഞുവരുന്നുവെന്ന സാഹചര്യത്തിൽ ഉൽപ്പാദന ക്ഷമതകൂടിയ കറവപ്പശുക്കളേയും, കിടാരികളേയും, അന്യസംസ്ഥാനങ്ങളിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്ന പദ്ധതിയാണിത്. 2006-2007ൽ അഡീഷണൽ കേന്ദ്രസഹായമായി വിഷൻ 2010ൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന് ലഭിച്ച 300 ലക്ഷം രൂപ പദ്ധതി നടത്തിപ്പിന് വിനിയോഗിച്ചു. തെരഞ്ഞെടുത്ത പഞ്ചായത്തുകളിലെ ക്ഷീരകർഷകർക്ക് 2 പശുക്കളുടെ 1709 യൂണിറ്റും 4 പശുക്കളുടെ 140 യൂണിറ്റും 10 പശുക്കളുടെ 50 യൂണിറ്റുമാണ് അനുവദിച്ചത്. ആകെ 4478 പശുക്കളേയും 1000 കിടാരികളേയും കർഷകർക്ക് വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതു കൂടാതെ 3000 ഗർഭിണി പശുക്കൾക്ക് സൗജന്യനിരക്കിൽ കാലിത്തീറ്റ നൽകിയതിനു പുറമെ 1000 തൊഴുത്തുകൾ നവീകരിക്കുന്നതിനും ധനസഹായം നൽകി. |
| (ബി) ഈ പദ്ധതിയനുസരിച്ച് കഴിഞ്ഞ വർഷം എത്ര പശുക്കളെ വാങ്ങി; | (ബി) ഈ പദ്ധതിയനുസരിച്ച് കഴിഞ്ഞ വർഷം (2006-07) 2699 പശുക്കളെ വാങ്ങി |

(സി) ഇവയെ വിതരണം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ;

(സി) ഗുണഭോക്തൃ കർഷകരും ക്ഷീരസംഘം പ്രതിനിധിയും, ക്ഷീരവികസന ഓഫീസറും, വെറ്റിനറി സർജനും ബാങ്ക് പ്രതിനിധിയും ഉൾപ്പെടുന്ന പർച്ചേസ് കമ്മിറ്റി, അന്യസംസ്ഥാനങ്ങളിലെ കാലി വളർത്തൽ കേന്ദ്രങ്ങളും കാലിച്ചന്തകളും സന്ദർശിച്ച് പശുക്കളെ തെരഞ്ഞെടുത്തു വാങ്ങി വാക്സിനേഷൻ,ട്രാൻസിറ്റ് ഇൻഷ്വറൻസ് എന്നിവ ഉറപ്പാക്കിയശേഷം പശുക്കളെ ബന്ധപ്പെട്ട കർഷകർക്ക് അവരവരുടെ സ്ഥലങ്ങളിൽ എത്തിച്ച് നൽകുന്നു.

(ഡി) മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ എത്ര പശുക്കളെ വാങ്ങി;

(ഡി) മിൽക്ക്ഷെഡ് ഡെവലപ്പമെന്റ് പദ്ധതി പ്രകാരം ഇതുവരെ 1182 പശുക്കളെ വാങ്ങി.

(ഇ) വിദർഭ മോഡൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാലക്കാട്, വയനാട് ,കാസർഗോഡ് ജില്ലകളിൽ പശുക്കളെ വാങ്ങി വിതരണം ചെയ്തിട്ടുണ്ടോ;

(ഇ) ഉണ്ട്.

(എഫ്) ഇതിന്റെ എല്ലാം ഫലമായി പാലുല്പാദന രംഗത്ത് കൈവരിക്കാനായ നേട്ടം വിശദമാക്കുമോ?

(എഫ്) വിദർഭാ പാക്കേജ് പദ്ധതി നടപ്പിലാക്കിയതുവഴി കഴിഞ്ഞ ആറു മാസത്തിനിടയിൽ 22.2 ലക്ഷം ലിറ്റർ പാൽ അധികമായി ഉൽപ്പാദിപ്പിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ പശു ഗ്രാമം പദ്ധതി വഴി പ്രതിദിനം ഏകദേശം 50,000 ലിറ്ററും മിൽക്ക് ഷെഡ് വികസന പദ്ധതി പ്രകാരം പ്രതിദിനം ഏകദേശം 15,000 ലിറ്റർ പാലും കൂടുതലായി ഉത്പ്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട | 11.09.2007ൽ |
| ചോദ്യം നമ്പർ.179 | മറുപടിക്ക് |

# സെറിഫെഡിന്റെ ഉദ്ദേശലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.കെ.വി.വിജയഗോപാലൻ<br>ശ്രീ.സി.എച്ച്. കുഞ്ഞമ്പു | ശ്രീ എളമരം കരീം<br>(വ്യവസായ വകുപ്പു മന്ത്രി) |
| (എ) സെറിഫെഡിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് സെറികൾച്ചർ വികസനം നടപ്പാക്കുന്നതിന്റെ പൂർണ്ണമായ മേൽനോട്ടം വഹിക്കലും അനുബന്ധ വ്യവസായങ്ങളുടെ വികസനത്തിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും സാമ്പത്തിക സഹായങ്ങളും നൽകലാണ് സെറിഫെഡിന്റെ ഉദ്ദേശലക്ഷ്യങ്ങൾ. |
| (ബി) നിലവിലുള്ള കൊക്കൂൺ വിപണന സംവിധാനങ്ങൾ എന്തൊക്കെയാണ് ; | (ബി) പാലക്കാട് ജില്ലയിലും മലപ്പുറം ജില്ലയിലുമായി പ്രവർത്തിച്ചുവരുന്ന ഓപ്പൺ കൊക്കൂൺ മാർക്കറ്റുകൾ വഴി ഉൽപാദിപ്പിക്കപ്പെടുന്ന കൊക്കൂൺ വിപണനം നടത്തി വരുന്നു. |
| (സി) പുതുതായി എന്തെല്ലാം പരിഷ്കാരങ്ങളാണ് ഈ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; | (സി) കണ്ണൂർ അടിസ്ഥാനമാക്കി പട്ടുനൂൽപ്പുഴു വളർത്തൽ വ്യാപിപ്പിക്കുക, പട്ടുനൂൽ റീലിംഗ്, വസ്ത്ര നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തുക തുടങ്ങിയ പരിഷ്കാരങ്ങൾ ഈ മേഖലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

(ഡി) ജില്ലാ കേന്ദ്രങ്ങളിലുള്ള മാർക്കറ്റിംഗ് സംവിധാനം താലൂക്ക് കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുമോ ;

(ഡി) എല്ലാ താലൂക്കിലും വിപണന സംവിധാനം വ്യാപിപ്പിക്കുവാൻ ആവശ്യമായ കൊക്കൂൺ ഇപ്പോൾ ഉത്പാദിപ്പിക്കപ്പെടുന്നില്ല. ആയതിനാൽ മാർക്കറ്റിംഗ് സംവിധാനം താലൂക്ക് കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശമില്ല.

(ഇ) മൾബറി കൃഷിയും പട്ടുനൂൽ ഉത്പാദനവും മെച്ചപ്പെടുത്തുവാൻ എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളത് ;

(ഇ) കേന്ദ്ര സിൽക്ക് ബോർഡിന്റെ സഹായത്തോടെ സെറികൾച്ചർ വികസനത്തിന് കാറ്റലിറ്റിക് ഡവലപ്പ്മെന്റ് പ്രോഗ്രാം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. അതിനുപുറമെ സെറിശ്രീ എന്ന പേരിൽ ഒരു സ്വന്തം എസ്.ജി.എസ്.വൈ പ്രോജക്റ്റും നടപ്പിലാക്കി വരുന്നു. ഗുണമേന്മയുള്ള പട്ടുനൂൽ ഉത്പാദനം ഉറപ്പുവരുത്തുന്നതിനായി വി വൺ മൾബറി ഇനങ്ങളാണ് മുഖ്യമായും ഉപയോഗിക്കുന്നത്.

(എഫ്) മൾബറി കർഷകർക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

(എഫ്) വിവിധ സബ്സിഡികളായി പരമാവധി 74735 രൂപ വരെ ഒരേക്കർ കൃഷിയുള്ള കർഷകർക്ക് ലഭിക്കുന്നു. ഇതിനുപുറമെ കർഷകർക്ക് ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ ഫീൽഡ് ഉദ്യോഗസ്ഥർ അവരുടെ കൃഷിയിടങ്ങൾ സന്ദർശിച്ചു നൽകിവരുന്നു.

നോഡൽ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം - 180 — 11.09.2007-ൽ മറുപടിക്ക്

## ഗോതമ്പ് ആട്ടയാക്കി റേഷൻ കടകളിലൂടെ വിൽക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ജെ. അരുന്ധതി<br>ശ്രീ. ബി. രാഘവൻ<br>ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>ശ്രീ. വി. ശശികുമാർ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി ) |
| (എ) ഗോതമ്പ് ആട്ടയാക്കി റേഷൻ കടകളിലൂടെ വിൽക്കുന്ന പദ്ധതി വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ; | (ബി) പരീക്ഷണ അടിസ്ഥാനത്തിൽ 2006 ഡിസംബർ മാസം മുതൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലാണ് നടപ്പാക്കിയിരുന്നത്. 2007 ജൂൺ മാസം മുതൽ കേരളത്തിലെ മുഴുവൻ ജില്ലകളിലേയ്ക്കും കൂടി പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. |
| (സി) ഇതിന് ആവശ്യമായ ഗോതമ്പ് കേന്ദ്ര സർക്കാർ അനുവദിക്കുന്നുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) എത്ര ടൺ ഗോതമ്പാണ് പ്രതിമാസം ആട്ടയാക്കി വില്പന നടത്തുന്നത് ; | (ഡി) 5000 മെട്രിക് ടൺ. |
| (ഇ) കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള ആട്ട ലഭ്യമാക്കുന്ന ഈ പദ്ധതി എല്ലാ ജില്ലകളിലും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) ഇപ്പോൾ 12 ജില്ലകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വയനാട്, കാസർഗോഡ് ജില്ലകളിൽ കൂടി ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ